അടൂർ ഭദ്രാസന പ്രസിദ്ധീകരണം

# ഹെർമ്മോൻ ദൂതൻ

ഏപ്രിൽ – ജൂൺ 2011


## ഉള്ളടക്കം

1. ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും ........ 2
2. ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ ........ 5
3. എഡിറ്റോറിയൽ ........ 8
4. മോറാനായപ്പെരുന്നാളുകൾ-ഒരു പഠനം ........ 11
5. കുരിശിലെ മേലെഴുത്ത് ഹൃദയപ്പലകയിൽ കുറിച്ചിടാം ........ 16
6. ഒഴിഞ്ഞ കല്ലറയും നിറഞ്ഞ ജീവിതവും ........ 23
7. പെന്തകോസ്തു ........ 26
8. അർത്ഥവത്തായ യുവത്വം ........ 30
9. പിടവൂർ ആശാഭവൻ, സ്നേഹത്തിൻ നിദർശനം ........ 34
10. ഹരിപ്പാട്ടച്ചൻ ........ 37
11. *KIDS Corner* ........ 40
12. പ്രശ്നോത്തരി ........ 43
13. ആദരാഞ്ജലികൾ ........ 44

എഡിറ്റോറിയൽ ബോർഡ്

| | | |
|---|---|---|
| **ചെയർമാൻ & ചീഫ് എഡിറ്റർ** | - | വെരി. റവ. ഡോ. പി. പി. ഏബ്രഹാം |
| **എഡിറ്റർ** | - | റവ. ഷോജി വർഗീസ് |
| **മാനേജർ** | - | റവ. സിബു പള്ളിച്ചിറ |
| **കൺവീനർ** | - | ശ്രീ. പി. എൽ. തോമസ് |
| **കമ്മറ്റി അംഗങ്ങൾ** | - | റവ. എ. ജി. മാത്യു, |
| | | റവ. ഡോ. ചെറിയാൻ തോമസ് |
| | | ശ്രീ. വർഗീസ് തരകൻ |
| | | ശ്രീമതി സാറാമ്മ രാജൻ |
| | | ശ്രീ. ജോസ് തരകൻ |
| | | ശ്രീ. മനോജ് മാത്യു |

സ്വകാര്യ വിതരണത്തിനുമാത്രം



# ഭദ്രാസന എപ്പിസ്കോപ്പയിൽ നിന്നും

ക്രിസ്തുസഭയുടെ അടിസ്ഥാനവിശ്വാസം യേശു മരണത്തെ ജയിച്ചു ഉയിർത്തെഴുന്നേറ്റു എന്നതാണ്. ദൈവം ഒരു മനുഷ്യനായതിന്റേയും ഉദ്ദേശം മരിക്കുക എന്നതായിരുന്നു. ഇത് ക്രിസ്തീയ സഭയുടെ അടിസ്ഥാന വിശ്വാസവും വിശ്വാസത്തിന്റെ ആണിക്കല്ലുമാണ്. ഉയിർത്തെഴുന്നേറ്റ യേശുവിന് പിതാവാം ദൈവംകൊടുത്ത പേരാണ് 'കർത്താവ്'. 'കർത്താവ്' എന്നത് ഒരു കോടതി ഭാഷയാണ്. വക്കീലന്മാർ കോടതിയിൽ ജഡ്ജിമാരെ അഭിസംബോധന ചെയ്യുന്ന വാക്കാണ് 'കർത്താവേ' (Lord) എന്നത്. അത് അദ്ദേഹത്തിന്റെ അധികാരത്തെയാണ് സൂചിപ്പിക്കുന്നത്. ജീവന്റെമേലും മരണത്തിന്റെമേലുമുള്ള കർതൃത്വമാണ് പുനരുത്ഥാനത്തിലൂടെ യേശു നേടിയെടുത്തത്. അവൻ മനുഷ്യപുത്രനാകയാൽ ന്യായവിധി നടത്തുവാൻ അവന് അധികാരം നൽകിയിരിക്കുന്നു (യോഹ. 5:27). പുത്രനിൽ വിശ്വസിക്കുന്നതു തന്നെ നിത്യജീവൻ. ഈ ക്രിസ്തുമരണം എന്റെ മരണത്തിനു പരിഹാരം എന്നു വിശ്വസിക്കുന്ന ഏവർക്കും ദൈവം നൽകുന്ന അനുഭവവും അനുഗ്രഹവുമാണ് നിത്യജീവൻ ഇത് ലോകത്തോട് സുവിശേഷിക്കുവാനാണ് സഭയെ ലോകത്തിൽ ആക്കിയിരിക്കുന്നത്. മരണംകൊണ്ട് ജീവിതം തീരുന്നില്ല അത് തുടരുന്നു എന്ന് ഓരോ ഞായറാഴ്ചയും സഭ തങ്ങളോടുതന്നെയും ലോകത്തോടും ഉദ്ഘോഷിക്കുകയാണ്. ഓരോ വിശുദ്ധ കുർബ്ബാനയുടെ ആഘോഷവും പുനരുദ്ധാനത്തിന്റെ ആഘോഷം തന്നെയാണ്. ഈ സത്യ സുവിശേഷത്തിനു സാക്ഷികളായിരിപ്പാൻ സഭയായി നമുക്ക് ഒരുങ്ങാം.

ഏപ്രിൽ മാസം വി.ബി.എസ്സിന്റെ കാലമാണ്. നമ്മുടെ എല്ലാ ഇടവകകളിലും വി.ബി.എസ്. വളരെ താല്പര്യപൂർവ്വം നടത്തി വരുന്നതിൽ സൺഡേ സ്കൂളുകളെ അഭിനന്ദിക്കുന്നു. നമ്മുടെ കുട്ടികളിൽ ആരും വേദപഠനത്തിനുള്ള ഈ നല്ല അവസരം നഷ്ടപ്പെടുത്തരുത്. വി.ബി.എസ്. പരിപാടികളി

ലൂടെ നമ്മുടെ കുഞ്ഞുങ്ങൾ സഭയോടും രക്ഷകനോടുമുള്ള ബന്ധത്തിൽ ശക്തിപ്രാപിച്ചുവളരണം എന്നതായിരിക്കണം മുഖ്യലക്ഷ്യം.

മെയ് മാസം 12 മുതൽ 15 വരെ മാർത്തോമ്മാ സ്റ്റുഡൻസ് കോൺഫറൻസ് മദ്രാസിൽ നടക്കുന്നു. കോളജുവിദ്യാർത്ഥികളായ നമ്മുടെ യൗവ്വനക്കാർ അതിൽ പോയി സംബന്ധിക്കണം.

കഴിഞ്ഞ സഭാമണ്ഡലം ബഹുമാന്യരായ ഉമ്മൻ ജോർജ് (കണ്ണംകോട്), വർഗീസ് മത്തായി (തുമ്പമൺ), കെ. വി. വർക്കി (കാവുംഭാഗം) എന്നീ വൈദികരെ മേല്പ്പട്ടസ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയുണ്ടായി. ഇവരുടെ തെരഞ്ഞെടുപ്പിലൂടെ ഒരു വലിയ ദൈവിക കരുതൽ സഭയ്ക്ക് അനുഭവവേദ്യമായി. ഈ വന്ദ്യവൈദികർക്കുവേണ്ടി ഏവരും പ്രാർത്ഥിക്കണം. മെയ് 7-ാം തീയ തി എറണാകുളത്തുവച്ച് ഇവരുടെ റമ്പാൻ പട്ടവും, ആഗസ്റ്റ് 13-ാം തീയതി തിരുവല്ലായിൽ വച്ച് മെത്രാഭിഷേകവും നടത്തുന്നതിന് സഭയായി ആഗ്രഹിച്ച് ഉറച്ചിരിക്കുന്നു. ഈ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി നിങ്ങൾ പ്രാർത്ഥിക്കണം.

“ഏപ്രിൽ 27-ാം തീയതി വലിയ മെത്രാപ്പോലീത്താ തിരുമേനി പുതിയൊരു വയസിലേക്ക് പ്രവേശിക്കുന്നു. ജൂൺ 27-ാം തീയതി നമ്മുടെ മെത്രാപ്പോലീത്താ തിരുമേനി ജന്മദിനം കൊണ്ടാടുന്നു. അഭിവന്ദ്യ തിരുമേനിമാർക്ക് അടൂർ ഭദ്രാസനത്തിന്റെ പേരിൽ ജന്മദിനാശംസകൾ അറിയിക്കുന്നു.

ഒരു പൊതുതെരഞ്ഞെടുപ്പിലൂടെ നമ്മുടെ സംസ്ഥാനം കടന്നുപോയി. വിജയപരാജയ കണക്കുകൾക്കപ്പുറം ദൈവഭയമുള്ള, മനുഷ്യബോധമുള്ള ഒരു സമൂഹം നമ്മെ ഭരിപ്പാൻ തക്കവണ്ണം ദൈവം നമ്മെ സഹായിക്കേണമെ എന്ന് പ്രാർത്ഥിക്കണം.

മെയ് 14-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് നമ്മുടെ ഭദ്രാസനത്തിലെ കുട്ടികൾ എല്ലാവരും ഒരു റാലിയായി വന്ന് നമ്മുടെ ഭദ്രാസന കേന്ദ്രത്തിൽ വച്ച് നവീകരണ മഹോത്സവം കൊണ്ടാടുകയാണ്. കുട്ടികളേയും മാതാപിതാക്കളേയും അദ്ധ്യാപകരേയും ഈ മഹാസമ്മേളനത്തിലേക്ക് ക്ഷണിക്കുന്നു. മലങ്കര സഭയിൽ പരിശുദ്ധാത്മാവ് തെളിയിച്ച ഈ മഹൽസംരംഭത്തിൽ പങ്കുചേർന്ന് ഇതിനെ അവിസ്മരണീയമാക്കാം. തിരുവചനത്തോടുള്ള ബന്ധമാണ് നമ്മുടെ സഭയെ ശക്തമാക്കിതീർത്തത്. ഇന്ന് വചനത്തോടുള്ള നമ്മുടെ പങ്കാളിത്തം വളരെ കുറഞ്ഞുവരുന്നത് ഖേദകരമാണ്. വചനത്തോടുള്ള നമ്മുടെ പ്രതിബദ്ധത ശക്തിപ്രാപിക്കണം. നമ്മുടെ കുട്ടികളെ വചനത്തോട് ചേർത്തു നിർത്തുവാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. ഇതുവരെ സ്വന്തമായി ഒരു വേദപുസ്തകം ലഭിച്ചിട്ടില്ലാത്ത ഒരാൾക്ക് ഒരു വേദപുസ്തകം ലഭ്യമാക്കുന്നതിന് നമ്മുടെ എല്ലാ ഭവനങ്ങളും ഒരുങ്ങണം. അതിനായി 5000 വേദപുസ്തകം

ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. നമ്മുടെ എല്ലാ പള്ളികളും ഒരു ദിവസം വേദപുസ്തകവായനക്കായി ഒത്തുകൂടണം.

കഴിഞ്ഞ ഭദ്രാസന അസംബ്ലിയുടെ തീരുമാനപ്രകാരം നവീകരണ ജൂബിലിയോട് ചേർന്ന്, നമ്മുടെ ഭദ്രാസനം കുടിശികരഹിതമായി തീർക്കേണ്ടുന്നതിന് നാം ആലോചിച്ച് തീരുമാനിച്ചിരുന്നല്ലോ. അതനുസരിച്ച് കുടിശികകൾ അടച്ച് ഈ സംരംഭത്തെ വിജയിപ്പിച്ച എല്ലാ ഇടവകകളേയും വൈദികരേയും പ്രത്യേകമായി അഭിനന്ദിക്കുന്നു.

ഈ മാസത്തിൽ സഭ പെന്തകുസ്തു പെരുന്നാൾ കൊണ്ടാടുന്നു. പരിശുദ്ധാത്മ ശക്തിയിൽ സഭ ആശ്രയിക്കണം. സഭയ്ക്ക് ഇന്ന് ശക്തിനഷ്ടമായിക്കൊണ്ടിരിക്കുന്നു എന്ന് മനസ്സിലാക്കി, 'പരിശുദ്ധാത്മാവേ, ശക്തി പകർന്നീടണമേ..." എന്ന് വിനയഹൃദയത്തോടെ പ്രാർത്ഥിക്കാം.

അനുഗ്രഹകരമായ ശുശ്രൂഷയ്ക്കുശേഷം ഭദ്രാസനത്തിൽ നിന്നും മാറിപ്പോകുന്ന ഭദ്രാസന സെക്രട്ടറി ബഹുമാനമുള്ള എ.ജി. മാത്യു അച്ചനോടൊപ്പം മറ്റ് 12 വൈദികർ കൂടി സ്ഥലം മാറിപ്പോകുന്നുണ്ട്. 65 വയസ് പൂർത്തിയായി സഭാശുശ്രൂഷയിലെ ഔദ്യോഗികരംഗത്തു നിന്നും മാറുന്ന ബഹുമാന്യരായ മാത്യു പി. ജോൺ, റ്റി. ഒ. ജോസഫ്, തോമസ് ജോൺ, ജി. ഡേവിഡ് എന്നീ കശ്ശീശാമാരേയും അവർ സഭയ്ക്കുവേണ്ടി ചെയ്ത ശുശ്രൂഷകളേയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഈ ഭദ്രാസനത്തിലേക്ക് പുതുതായി വരുന്ന വൈദികരെ ഭദ്രാസന ശുശ്രൂഷയിലേക്ക് സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു.

ഏവർക്കും സന്തോഷം നിറഞ്ഞ ഈസ്റ്റർ ആശംസകൾ!

കർത്താവ് അനുഗ്രഹിക്കട്ടെ.

**മാർ ബർന്നബാസ് എപ്പിസ്കോപ്പാ**

# ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ

## ● മിഷൻ കേന്ദ്രങ്ങൾ

ദൈവകൃപയിൽ ശരണപ്പെട്ട് ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ പുത്തൻ ഉണർവോടെ മുന്നേറുന്നതിലുള്ള സന്തോഷം പങ്കുവെക്കട്ടെ. ഈ നാളുകളിൽ മിഷൻ കേന്ദ്രങ്ങളിൽ ഒട്ടേറെ വളർച്ചക്ക് ദൈവം തുണചെയ്തു. ചെങ്കോട്ട സെന്റ് പോൾസ് ഇടവകയ്ക്കും കോട്ടറ സെന്റ് പോൾസ് ഇടവകയ്ക്കും പുതിയ ദൈവാലയങ്ങൾ ഉണ്ടായി. ഒട്ടേറെ ഇടവകകളുടേയും വ്യക്തികളുടേയും സഹകരണം ലഭിച്ചിട്ടുണ്ട്. റോസ്മലയിൽ പുതിയ ദൈവാലയം കൂദാശ ചെയ്യപ്പെട്ടു. പുനലൂർ സെന്റർ സന്നദ്ധ സുവിശേഷക സംഘമാണ് നേതൃത്വം നല്കിയത്. അഭിനന്ദനങ്ങൾ അറിയിക്കുന്നു ഗഡ്ഗേശ്വറിൽ തയ്യൽ സ്കൂൾ കെട്ടിടം പ്രതിഷ്ഠിക്കപ്പെട്ട് തയ്യൽ സ്കൂൾ ഉദ്ഘാടനം ചെയ്യപ്പെട്ടു. മാർത്തോമ്മാ മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് മാർത്തോമ്മായുടെ സന്ദർശനം ഇത് സാധ്യമാക്കി. അഭിവന്ദ്യ തിരുമേനിയോടുള്ള ആദരവ് അറിയിക്കുന്നു.

## ● കൺവൻഷൻ നഗർ

അടൂർ കൺവൻഷൻ നഗറിന്റെ ഉദ്ധാരണ പരിപാടികൾ നടന്നുവരുന്നു. കൺവൻഷൻ ഹാളിന്റെ ഉൾവശം ഇന്റർലോക്ക് ബ്ലോക്ക് പാകി ഭംഗിയാക്കിയിട്ടുണ്ട്. അതിന്റെ മുൻഭാഗത്ത് ഒരു അനുബന്ധ ക്രമീകരണം ആലോചനയിലാണ്.

## ● ജന്മദിനാശംസകൾ

സഭയുടെ വലിയ മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി ഏപ്രിൽ 27 ന് ജന്മദിനം ആഘോഷിച്ചു. റാന്നി-നിലയ്ക്കൽ ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ തിരുമേനി ഏപ്രിൽ 26 ന് പുതിയ സംവത്സരത്തിലേക്ക് പ്രവേശിച്ചു. ഭദ്രാസനത്തിന്റെ ജന്മദിന ആശംസകൾ അറിയിക്കുന്നു.

നമ്മുടെ മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. ജോസഫ് മാർത്തോമ്മാ തിരുമേനി ജൂൺ 27 ന് പുതിയൊരു ജന്മദിനത്തിലേക്കെത്തുന്നു. ദീർഘായുസ്സിൽ ഈ സഭയെ നയിക്കേണ്ടതിന് ഭദ്രാസനത്തിന്റെ ആശംസകൾ അറിയിക്കുന്നു.

## ആദരാഞ്ജലികൾ

നമ്മുടെ ഭദ്രാസനത്തിൽ സജീവമായി പ്രവർത്തിച്ച് വിശ്രമ ജീവിതത്തിലേക്ക് പ്രവേശിച്ച രണ്ടു വൈദികർ ഈ നാളുകളിൽ അപകടത്തിൽപ്പെട്ട് മരണപ്പെട്ടു. ഭദ്രാസന സെക്രട്ടറി, ബിഷപ്സ് സെക്രട്ടറി എന്നീ നിലകളിൽ അനുഗ്രഹീത ശുശ്രൂഷ നിർവ്വഹിച്ച റവ. റ്റി. ഒ. ജോസഫ് അച്ചൻ ഈ ഭദ്രാസനത്തിലെ അംഗം കൂടിയായിരുന്നു.

ഏഴംകുളം, കൊടുമൺ ഇടവകകളിൽ പ്രവർത്തിച്ചിരുന്ന റവ. ഐ. സി. ഫിലിപ്പച്ചൻ അയിരൂർ ചായൽ ഇടവകാംഗമായിരുന്നു. വന്ദ്യവൈദികരുടെ ദേഹവിയോഗത്തിൽ ഭദ്രാസനത്തിന്റെ അളവറ്റ ദുഃഖം രേഖപ്പെടുത്തുന്നു. ക്രിസ്തുവേശുവിലുള്ള പ്രത്യാശയിൽ ശരണപ്പെടുന്നു. കുടുംബാംഗങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

## സീയോൻ കുന്ന്

ഭദ്രാസന കൗൺസിലിന്റെ ആലോചനയിലും നിരവധി നാളുകളിലെ ശാസ്ത്രീയ പഠനത്തിനുശേഷവും അവരുടെ നിർദ്ദേശാനുസരണവും കലയപുരം സീയോൻകുന്നിലെ കൃഷിഭൂമിയിൽ ഒരുഭാഗം കശുമാവിൻ തൈകളും ഒരു ഭാഗത്ത് റബ്ബർ തൈകളും പ്ലാന്റ് ചെയ്യുന്നതിന് സാധിച്ചു. സെന്ററിലെ ഭൂമി കൃഷിയാവശ്യങ്ങളെ കരുതി വേലികെട്ടി ക്രമപ്പെടുത്തിയിട്ടുമുണ്ട്. ഇനിയും ചില അനുബന്ധപ്രവർത്തനങ്ങൾ കൂടി നിറവേറ്റാനായുണ്ട്. താമസംവിന അത് സാധ്യമാക്കുന്നതാണ്.

## തറവാട്

അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനിയുടെ ഷഷ്ഠിപൂർത്തി സ്മാരകമായ 'തറവാട്' പദ്ധതി ആരംഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ആരംഭിച്ചിട്ടുണ്ട്. വരുംനാളുകളിൽ ഈ പദ്ധതി പ്രയോജനപ്പെടുത്താൻ ആഗ്രഹിക്കുന്നവർ ഭദ്രാസന ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. സുരക്ഷിതമായ ജീവിതവും സ്നേഹവും കരുതലും ആത്മീയ അന്തരീക്ഷവും ലഭ്യമാകുന്ന ഒരു സ്നേഹഗ്രാമമാണ് ലക്ഷ്യംവെക്കുന്നത്. തങ്ങളുടെ ജീവിതകാലം മുഴുവൻ കഴിക്കത്തക്കവിധം മുറികളോ, വില്ലകളോ സ്വന്തമാക്കി, മാറിവരുന്ന സാമൂഹ്യ സാഹചര്യങ്ങളിൽ ഇത് ഒരു കൈത്താങ്ങായി മാറുന്നതിന് ഏവരും സഹകരിക്കണം.

## നവീകരണ ആഘോഷം

ഭദ്രാസന സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ മെയ് 14 ന് നടക്കുന്ന നവീകരണ ആഘോഷങ്ങൾക്ക് ഭദ്രാസനത്തിന്റെ ആശംസകൾ അറിയിക്കുന്നു.

## ● ഗുരുകുലം

സമർപ്പിത കുട്ടികൾക്കായുള്ള ഹോസ്റ്റലാണല്ലോ മണക്കാല, ഗുരുകുലം ഹോസ്റ്റൽ. അതിന്റെ വളർച്ചയ്ക്കായി ഏവരുടേയും സഹകരണം പ്രത്യേകം അഭ്യർത്ഥിക്കുന്നു. അതിന്റെ രണ്ടാം ബാച്ച് കുട്ടികൾ കൂടി വന്നെത്തിയിട്ടുണ്ട്. അവർക്കായി പുതിയ ഹോസ്റ്റൽ കെട്ടിടം പണികഴിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുന്നു. വരുംനാളുകളിൽ നമ്മുടെ ഭദ്രാസനത്തിലെ കൂടുതൽ കുട്ടികൾക്ക് കൂടി ഈ സ്ഥാപനം പ്രയോജനപ്പെടുത്തുവാൻ സമർപ്പിതരായ മക്കൾ നമുക്കുണ്ടാകണം.

## ● ഹോസ്റ്റലുകൾ

സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന ആൺകുട്ടികൾക്ക് പുനലൂർ ബോയ്സ് ഹോമിലും പെൺകുട്ടികൾക്ക് പള്ളിപ്പാട് ദീപ്തി ബാലികാഭവനിലും പ്രവേശനം ലഭിക്കും. ജാത-മത ഭേദമെന്യേ ഈ സേവനം പ്രയോജനപ്പെടുന്നതിന് ഏവരും ശ്രദ്ധിയ്ക്കണം.

## ● വൈദിക കൂട്ടായ്മ

ഭദ്രാസനത്തിലെ വൈദികരുടെ കൂട്ടായ്മ ജൂൺ 8 ബുധനാഴ്ച രാവിലെ 8 മണിക്ക് അടൂർ ഈശോ മാർ തിമൊഥെയോസ് മെമ്മോറിയൽ സ്പിരിചാലിറ്റി സെന്ററിൽ നടക്കും. ഭദ്രാസനത്തിൽ പുതുതായി എത്തിയ വൈദികരും പ്രത്യേകം ശ്രദ്ധിച്ച് എത്തിച്ചേരുമല്ലോ.

നമ്മുടെ ഭദ്രാസനത്തിലേക്ക് എത്തിയിരിക്കുന്ന എല്ലാ വൈദികരേയും പ്രത്യേകമായി സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ നാളുകളിൽ ഒപ്പം പ്രവർത്തിച്ച വൈദികരോടുള്ള നന്ദി അറിയിക്കുന്നു.

## ● നന്ദി

കഴിഞ്ഞ വർഷങ്ങളിൽ അടൂർ ഭദ്രാസനത്തിലെ വൈദികൻ ഭദ്രാസന സെക്രട്ടറി എന്നീ നിലകളിൽ, അഭിവന്ദ്യ തിരുമേനിമാരോടും വൈദികരോടും വിശ്വാസ സമൂഹത്തോടും ചേർന്നുനിന്ന് എളിയ ശുശ്രൂഷ നിർവ്വഹിക്കാൻ സർവ്വശക്തൻ തുണചെയ്തു. ഒപ്പം നിന്ന് പിന്തുണ തന്ന് സഹായിച്ച ഏവരോടും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു.

സ്നേഹപൂർവ്വം,

**ഏ. ജി. മാത്യു അച്ചൻ.**



# മഹത്വ പ്രഭു മരിച്ച ആശ്ചര്യ ക്രൂശ്

യേശുവിന്റെ കാലത്തു ക്രൂശു ഒരു നിന്ദാവിഷയമായിരുന്നു. ക്രൂശിക്കപ്പെടുന്നവരുടെ മൃതദേഹത്തിന് അവകാശികൾ ഉണ്ടാകില്ല. ശാപമരണമായിരുന്നു ക്രൂശുമരണം (ആവ. 21:22). എന്നാൽ യേശുക്രൂശിക്കപ്പെട്ടതോടെ ക്രൂശി ന്റെ നിലയ്ക്കും വിലയ്ക്കും മാറ്റംവന്നു. ക്രൂശുമാത്രമല്ല, യേശു തൊട്ടതും യേശുവിനെ തൊട്ടതും രൂപാന്തരം പ്രാപിച്ച ചരിത്രമാണ് വി. വേദപുസ്തകത്തിലുള്ളത്. അതെ, യേശു കുരിശിൽ മരിച്ചതോടെ അതൊരു മാനവിഷയമായി. ബ്രിട്ടീഷ് രാജാക്കന്മാരുടെ കിരീടത്തിൽപോലും ഇന്ന് അത് ഭൂഷണമായി അലങ്കരിക്കപ്പെട്ടിരിക്കുന്നു. കയ്പ്പേറിയ അനുഭവങ്ങളെ കുരിശായി കണക്കാക്കുന്നവരുണ്ട്. അതല്ല കുരിശിന്റെ പൊരുൾ. യേശുവിന്റെ കുരിശു അബദ്ധത്തിൽ ഉണ്ടായതല്ല; ബോധപൂർവ്വം ഏറ്റുകൊണ്ടതാണ്. ബാലനായ യേശു യോസഫിന്റെ പണിശാലയിൽ, ക്ഷീണമകറ്റാൻ എഴുന്നേറ്റ് ഇരുകരങ്ങളും വിരിച്ചുനിന്നത് അസ്തമന സൂര്യന്റെ നിഴലിൽ കുരിശാകൃതിയിൽ കാണപ്പെട്ടു. യേശു ജനിച്ചത് മരിക്കാനാണ്; ക്രൂശിൽ മരിക്കാനാണ്. അത് ദൈവിക പദ്ധതിയായിരുന്നു.

കുരിശു അനുസരണത്തിന്റെ ചിഹ്നമാണ്. ദുഃഖവെള്ളിയാഴ്ചയുടെ തലേരാത്രി യേശു ഗത്ത്ശെമനയിൽ പ്രാർത്ഥിച്ചതിനെ കുറിച്ചു സുവിശേഷകന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. യെഹൂദന്മാർ സാധാരണ കൈമലർത്തി ദൃഷ്ടി ഉയരത്തിലേക്ക് പതിച്ച് നിന്നാണ് പ്രാർത്ഥിക്കാറുള്ളത്. താങ്ങാനാവാത്ത ഭാരമുള്ളപ്പോൾ മുട്ടുകുത്തിയും, വീണുകിടന്നും, പ്രാർത്ഥിക്കും ഗെത്ത്ശെമനയിൽ യേശു പ്രാർത്ഥിച്ചത് കവണ്ണുവീണു (മത്താ. 26:39), നിലത്തുവീണു (മർക്കൊ.14:35); മുട്ടുകുത്തി (ലൂക്കൊ. 22:41). പ്രാർത്ഥിച്ചു എന്നാണ് സുവിശേഷകന്മാർ എടുത്തുപറഞ്ഞിരിക്കുന്നത്. യേശുവിന്റെ വ്യഥയുടെ പാരമ്യം അത് വ്യക്തമാ ക്കുന്നു. യേശുവിന്റെ ജീവിതത്തിനൊരു മാനുഷികവശമുണ്ട്. യേശു

ഒരു മനുഷ്യനായിരുന്നു. അതെ, അവൻ പൂർണ്ണ മനുഷ്യനും പൂർണ്ണ ദൈവവുമാണ്. വ്യഥയുടെ പാരമ്യത്തിൽ യേശുപ്രാർത്ഥിച്ചു; 'പിതാവേ, ഈ പാനപാത്രം എങ്കൽ നിന്നു നീക്കേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ (മർക്കൊ. 14:36). ക്രൂശിലെ മരണത്തോളം യേശു അനുസര ണമുള്ളവനായിത്തീർന്നു (ഫിലി. 2:8). ക്രൂശു സമർപ്പണത്തിന്റെയും അനു സരണത്തിന്റെയും ചിഹ്നം. ക്രൂശിന്റെ ധ്യാനം സമർപ്പണത്തിലേക്ക് നമ്മെ നയിക്കട്ടെ.

ശബ്ബത്തിൽ കുരിശിൽ മൃതദേഹം കിടക്കാൻ പാടില്ല (ആവ. 21:22). വെള്ളിയാഴ്ച സൂര്യാസ്തമനത്തിനു മുമ്പെ അതുമാറ്റിയിരിക്കണം. യേശു ക്രൂശിക്കപ്പെട്ടത് വെള്ളിയാഴ്ചയാണ്. മരിച്ചോ എന്നറിയുവാൻ ഒരു പടയാളി വിലാപ്പുറത്ത് കുന്തംകുത്തി പരിശോധിച്ചു. മുറിപ്പാടിൽ നിന്നും രക്തവും തുടർന്നു വെള്ളവും ഒഴുകി. ശരീരത്തിൽ രക്തമയം ഒട്ടുമില്ലാ എന്നതിന്റെ സൂചനയാണോ വെള്ളം. വൈദ്യശാസ്ത്രം ഒരുപക്ഷെ അങ്ങനെ വിലയിരുത്തിയേക്കാം. എന്നാൽ അശുദ്ധനെ ശുദ്ധീകരിക്കുന്ന പ്രക്രിയയുടെ ഭാഗമായി രക്തവും വെള്ളവും ചേർന്ന മിശ്രിതം അവന്റെ മേൽ തളിക്കണമെന്നാണ് ന്യായപ്രമാണം അനുശാസിക്കുന്നത് (ലേവ്യ. 14:6-7). യേശുവിന്റെ ക്രൂശുമരണം ദുരന്തമല്ലായിരുന്നു; അശുദ്ധനെ ശുദ്ധീകരിക്കുന്ന ദൈവിക പദ്ധതിയായിരുന്നു. ശുദ്ധീകരണത്തിന്റെ ഉറവയാണ് കാൽവറിക്രൂശ്. ക്രൂശു ശാപവിഷയമല്ല, മോക്ഷ വിഷയമാണ്.

വെട്ടുന്ന കോടാലിയിലും സുഗന്ധം പരത്തുന്ന ചന്ദനമരമാണ് ക്രൂശ്. അത് സ്നേഹത്തിന്റെ-ദൈവസ്നേഹത്തിന്റെ പര്യായമാണ്. റെഡ്ക്രോസ് സൊസൈറ്റി തുടങ്ങി സ്നേഹ ശുശ്രൂഷിയൽ ഏർപ്പെട്ടിരിക്കുന്ന എല്ലാ സംഘടനകളും കുരിശാണ് ചിഹ്നമായി സ്വീകരിച്ചിരിക്കുന്നത്. ക്രിസ്തുവോ നാം പാപികളായിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിച്ചിരിക്കുന്നു (റോമ. 5:8). മരിച്ചു എന്നുമാത്രമല്ല, ശപിക്കപ്പെട്ട നമ്മെ ശുദ്ധരായി തീർക്കുവാൻ സ്വയം ശാപമാക്കി തീർത്തതാണ് യേശുവിന്റെ ക്രൂശുമരണം. സ്നേഹത്തിന്റെ അടയാളത്തെ ഒറ്റുകൊടുക്കലിന്റെ അടയാളമാക്കിയവനെ (യൂദായെ) സ്നേഹിതാ എന്നാണ് യേശുവിളിച്ചത്.

മരണമല്ല ഉയിർപ്പാണ് ക്രിസ്തുമാർഗത്തിന്റെ കാമ്പ്. മരണത്തിലൂടെ ഉയിർപ്പ് അതാണ് ക്രമം. മൃതദേഹം അസ്തമയ സൂര്യന് (പശ്ചിമ ദിക്കിന്) അഭിമുഖമായി വയ്ക്കുന്നതായിരുന്ന യഹൂദന്മാരുടെ ചിട്ട. യേശുവിന്റെ ഉയിർപ്പിനു ശേഷമാണ് സൂര്യോദയത്തിന് മുമ്പ് (പൂർവദിക്കിന്) അഭിമുഖമായി വച്ചുതുടങ്ങിയത്. അസ്തമയമല്ല ഉദയമാണ് എന്നതാണ് സന്ദേശം. ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തിരിക്കുന്നു (1 കൊരി. 15:20). 'ആദ്യഫലം'-അർത്ഥ വ്യാപ്തിയുള്ള പദം. ക്രിസ്തുവിൽ മരിക്കുന്നവർ സകലരും ഉയിർത്തെഴുന്നേൽക്കും എന്നതിന്റെ നാന്ദി എന്നേശു

ജീവിക്കുന്നതിനാൽ ഞാനും എന്നേക്കും ജീവിക്കയാം... 'ഹാ ഹല്ലേലുയ്യാ ജയം ഹല്ലേലുയ്യാ യേശു കർത്താവ് ജീവിക്കുന്നു.' ഇതാണ് വി. വേദപുസ്തക ദർശനം; നമ്മുടെ വിശ്വാസവും.

യേശുവിനെ സംസ്കരിച്ച കല്ലറയ്ക്ക് റോമാ ഗവൺമെന്റിന്റെ ഉറപ്പുള്ള മുദ്രവെച്ച് പട്ടാളക്കാവലുമാക്കി. എല്ലാം ഭദ്രം. എന്നാലവൻ പറഞ്ഞിരുന്നതു പോലെ മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു. നാല്പതുനാൾ, പല സ്ഥലത്തു പല ആളുകൾക്ക് പ്രത്യക്ഷനായി. തുടർന്ന് സ്വർഗ്ഗാരോഹണം ചെയ്തു. പോയതുപോലെ വീണ്ടുംവരും എന്നുറപ്പും നൽകി. അതെ, അവൻ പോയതു പോലെ തന്നെ വീണ്ടുംവരും അതാണ് സഭയുടെ ദൗത്യ ദർശനവും പ്രത്യാശയും.

**ചീഫ് എഡിറ്റർ.**

## ശോശപ്പാ

അപ്പവീഞ്ഞുകൾ ഒരുക്കിവച്ചുകഴിയുമ്പോൾ, കാസായും പീലാസയും മൂടുവാൻ ഉപയോഗിക്കുന്ന ചിത്രപ്പണികളോടുകൂടിയ വെള്ളത്തുണിയാണിത്. ദൈവസാന്നിദ്ധ്യത്തിന്റെയും തേജസ്സിന്റെയും പ്രതീകമായി ഇതിനെ വ്യാഖ്യാനിക്കുന്നു. ഒരുക്ക ശുശ്രൂഷയിൽ അപ്പ വീഞ്ഞുകൾ ശോശപ്പാ കൊണ്ട് മൂടുമ്പോൾ ചൊല്ലുന്ന പ്രാർത്ഥനയിൽ ഈ ആശയം കാണാവുന്നതാണ്. "മഹത്വമുള്ളവന്റെ തേജസ്സുകൊണ്ട് ആകാശം മൂടിയിരിക്കുന്നു. അവന്റെ മഹത്വം സൃഷ്ടി മുഴുവനിലും നിറഞ്ഞിരിക്കുന്നു."

വി. കുർബ്ബാനയിൽ സമാധാന ചുംബനത്തിനുശേഷം ശോശപ്പാ ഉയർത്തി ആഘോഷിക്കുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന ഇങ്ങനെയാണ്, "യിസ്രയേലിന്റെ പന്ത്രണ്ട് ഗോത്രങ്ങൾക്കുവേണ്ടി പന്ത്രണ്ടു നദികൾ ഒഴുക്കികൊടുത്ത തീക്കൽപാറ നീയാകുന്നു. ഞങ്ങളുടെ രക്ഷകന്റെ കബറിങ്കൽ നിക്ഷേപിക്കപ്പെട്ട ആ തീക്കൽ പാറയും നീതന്നെയാകുന്നു." ഈ പ്രാർത്ഥനയനുസരിച്ച് ശോശപ്പാ നീക്കുന്നതു കർത്താവിന്റെ കബറിങ്കൽ നിന്നു കല്ലു നീങ്ങുന്നതിന്റെ പ്രതീകമായിട്ടാവാം (മത്താ. 28:2). പാറയുടെ കല്ലറയിൽ നിന്നും ഉത്ഥാനം ചെയ്ത ജീവജലമായ കർത്താവിലൂടെ (യോഹ. 7:37–39). മനുഷ്യവർഗ്ഗം മരണത്തിൽ നിന്ന് മുക്തിപ്രാപിച്ചു. പട്ടംകൊട ശുശ്രൂഷയിൽ ഏവൻഗേലിയോൻ വായിക്കുമ്പോൾ സ്ഥാനാർത്ഥിയുടെ തലയിൽ ശോശപ്പാകൊണ്ടു മൂടുന്നത് ദൈവീകതേജസ്സുകൊണ്ട് മൂടുന്നതിന് പ്രതീകമായാണ് (പുറ. 24:15–18; സങ്കീ. 72:19; യെശ. 6: 1–3).

# മോറാനായപെരുന്നാളുകൾ ഒരു പഠനം

റവ. ഡോ. ജോർജ് മാത്യു
കുറ്റിയിൽ

**ആമുഖം**

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ രക്ഷാകര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സംഭവങ്ങളെ സഭയുടെ ആരാധനയിൽ ധ്യാനിക്കുകയും അതുമായി ബന്ധപ്പെട്ട ദിവസങ്ങളെ വലിയ ദിവസങ്ങൾ (പെരിയനാൾ) ആയി വേർതിരിച്ച് ആഘോഷിക്കുകയും ചെയ്യുന്നു. മോറാനായ' എന്ന സുറിയാനി പദത്തിന് കർത്താവിനെ സംബന്ധിച്ച, കർത്താവുമായി ബന്ധപ്പെട്ട്' എന്നർത്ഥമാണുള്ളത്. (മോർ-എന്ന സുറിയാനി പദത്തിന് കർത്താവ് എന്നും 'മോറാൻ' എന്നവാക്കിന് ഞങ്ങളുടെ കർത്താവ് എന്നും അർത്ഥം നൽകാം. കർത്താവിനെ സംബന്ധിച്ച പെരുന്നാളുകൾ (Christological feast, Dominical feast) ഏതെല്ലാം ആണ് എന്ന് തുടർന്ന് വിവരിക്കാം കർത്താവിന്റെ രക്ഷണ്യ പ്രവർത്തനങ്ങളെ ക്രമാനുഗതമായി വിശ്വാസ സമൂഹം ധ്യാനിക്കുകവഴി, കർത്താവിനോടുള്ള വിശ്വാസത്തിലും-അവിടുത്തെ രക്ഷയുടെ അനുഭവത്തിലും ജീവിക്കുവാൻ നമുക്ക് സാധിക്കുന്നു.

**പെരുന്നാളുകൾ രക്ഷണ്യ പ്രവർത്തനത്തിന്റെ ആഘോഷം**

ചരിത്രത്തിൽ മനുഷ്യനായി അവതരിച്ച കർത്താവിന്റെ ജഡധാരണം മുതൽ മഹത്വപ്രത്യക്ഷതവരെയുള്ള സംഭവങ്ങൾ ക്രമാനുഗതമായി ധ്യാനിക്കുകയാണ് തിരുസഭ ചെയ്യുന്നത്. നിന്റെ സകല രക്ഷണ്യ വ്യാപാരത്തെയും ഞങ്ങൾ അനുസ്മരിക്കുന്നു എന്ന് കുർബ്ബാനയുടെ ഒരുക്ക ശുശ്രൂഷയിൽ നാം പ്രഖ്യാപിക്കുന്നു. “ഞങ്ങളുടെ കർത്താവും ദൈവവും രക്ഷിതാവുമായ യേശുമ്ശിഹായുടെയും ഞങ്ങൾക്കുവേണ്ടി ഉണ്ടായ രക്ഷാകരമായ തന്റെ സകലവ്യാപാരത്തിന്റെയും ഓർമ്മയെ ഞങ്ങളോടുള്ള തന്റെ

കർത്തൃസംബന്ധമായ കല്പനപോലെ ഞങ്ങൾ ധ്യാനിക്കുന്നു. ആയത് മാലാഖമാർ മുഖാന്തരമുള്ള ദൂതും മഹത്വമുള്ള ഉല്പാദനവും ജഡപ്രകാരമുള്ള ജനനവും യൂർദാനിൽ വച്ചുള്ള മാമോദീസായും നാല്പതു ദിവസത്തെ നോമ്പും രക്ഷാകരമായ കഷ്ടപ്പാടും സ്ലീബായിലേക്കുള്ള കരേറ്റവും ജീവപ്രദമായ മരണവും മാന്യമായ കബറടക്കവും, മഹത്വകരമായ ഉയർത്തെഴുന്നേൽപ്പും സ്വർഗ്ഗത്തിലേക്കുള്ള ആരോഹണവും കർത്താവായ ദൈവത്തിന്റെ വലത്തു ഭാഗത്തുള്ള പ്രവേശവും ആകുന്നു." (കുർബാന തക്സ പേജ് 9) ഒരു സംവത്സരത്തെ വിവിധ കാലഘട്ടങ്ങളായി തിരിച്ചുകൊണ്ടാണ് മോറാനായപ്പെരുന്നാളുകളും, രക്ഷാകരസംഭവങ്ങളും തിരുസഭ ധ്യാനിക്കുന്നത്-ഈ ഘട്ടങ്ങളെ ഓരോന്നായി തുടർന്നു വിവരിക്കാം.

## അറിയിപ്പുകാലത്തോടെയാണ് തിരുജനനത്തെ സഭ ആഘോഷിക്കുന്നത്

ക്രിസ്തുമസിന് ഏഴ് ആഴ്ചയ്ക്ക് മുമ്പു തുടങ്ങുന്ന അറിയിപ്പുകാലം (Annunciation Period) കർത്താവിന്റെ മനുഷ്യാവതാരത്തിനുവേണ്ടിയുള്ള ദൈവിക ക്രമീകരണങ്ങളെപ്പറ്റി വിവരിക്കുന്നു. കർത്താവിനു വഴിയൊരുക്കുവാൻ വന്ന യോഹന്നാൻ സ്നാപകന്റെ ജനനത്തെപ്പറ്റി സെഖര്യാവിനോടുള്ള അറിയിപ്പ് (ലൂക്കൊ. 1:8–23), കർത്താവിന്റെ ജനനത്തെപ്പറ്റി കന്യകമറിയാമിനു ലഭിക്കുന്ന അറിയിപ്പ് (ലൂക്കൊ. 1:26–38), ഏലിശബേത്തിന്റെ അടുത്തേക്കുള്ള കന്യകമറിയാമ്മിന്റെ യാത്ര (ലൂക്കൊ. 1:39–45), യോഹന്നാൻ സ്നാപകൻ ജനനം (ലൂക്കൊ. 1:57–66 യോസഫിനോടുള്ള അറിയിപ്പ് (മത്താ. 1:18–25) കർത്താവിന്റെ ജനനത്തിനു മുമ്പുള്ള ഞായറാഴ്ച എന്നിവയാണ് അറിയിപ്പുകാലത്ത് സഭ അനുസ്മരിക്കുന്നത്-ഈ അറിയിപ്പുകൾ എല്ലാം തന്നെ രക്ഷാകരവും രക്ഷാപ്രവർത്തനുവമായി ബന്ധപ്പെട്ടവയുമാണ്.

## തിരുജനനം-മാമോദീസാകാലഘട്ടം (യൽദോ-ദനഹാ-കാലം)

മനുഷ്യ വർഗ്ഗത്തിന്റെ രക്ഷകനായി അവതരിച്ച കർത്താവിന്റെ തിരുജനനം സഭ സന്തോഷത്തോടും നന്ദിയോടും കൂടെ കൊണ്ടാടുന്നു. 'യൽദോ' എന്ന സുറിയാനി പദത്തിന് ജനനം എന്നാണ് അർത്ഥം (ലൂക്കൊ. 2:6, 7). എട്ടാം നാളിൽ യഹൂദ ന്യായപ്രമാണം അനുശാസിക്കുന്ന പ്രകാരം കർത്താവിന്റെ പരിഛേദന (ലൂക്കൊ. 2:21) (Circumcision) നടക്കുന്നു (ജനുവരി 1) കർത്താവ് ന്യായപ്രമാണത്തിൻകീഴ് ജനിച്ചവനും അത് നിവർത്തിക്കുവാൻ വന്നവനുമാണ് എന്ന് ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നു. തുടർന്ന് ജനുവരി 6–ാം തീയതി കർത്താവ് പാപികളുമായ താദാത്മ്യപ്പെടുന്നതിന്റെ സൂചനയായി യോർദ്ദാൻ നദിയിൽ യോഹന്നാൻ സ്നാപകനാൽ സ്നാനം ഏറ്റു.

ഇതിന് ദനഹാപ്പെരുന്നാൾ എന്നുപറയുന്നു (മത്താ. 3:13–17). കർത്താവിന്റെ മഹത്വം വെളിപ്പെടുത്തുകയും ലോകത്തിന് രക്ഷ ഉദയം (ദനഹ) ചെയ്തിരിക്കുന്നു എന്ന പ്രഖ്യാപ

നമാണ് മാമോദീസാ. പാശ്ചാത്യ ആരാധനാ പാരമ്പര്യമുള്ള സഭകൾ ഈ ദിവസം കിഴക്കുനിന്നും വിദ്വാന്മാർ കർത്താവിനെ സന്ദർശിച്ച സംഭവുമായി ബന്ധപ്പെടുത്തിയാണ് ആചരിക്കുന്നത്. ഈ ദിവസം എപ്പിഫനി (വെളിപ്പെടുത്തൽ) എന്നറിയപ്പെടുന്നു. വിജാതിയർക്കും യേശുവിന്റെ മഹത്വം വെളിപ്പെടുത്തപ്പെട്ടു എന്നർത്ഥത്തിലാണ് എപ്പിഫനി എന്നുപറയുന്നത്. ഈ രണ്ടു പെരുന്നാളുകളും ജനുവരി 6 ന് അനുസ്മരിക്കുന്നു.

കർത്താവിന്റെ ദൈവാലയ പ്രവേശനം (മായൽത്തോ) യഹൂദന്യായപ്രമാണം അനുസരിച്ച് കർത്താവിനെ യെരുശലേം ദൈവാലയത്തിൽ കൊണ്ടുപോയി സമർപ്പിച്ചതിന്റെ സ്മരണയാണ് ദൈവാലയ പ്രവേശനം (ലൂക്കൊ. 2:22-24). 'മായൽത്തോ' എന്ന സുറിയാനി പദത്തിന് പ്രവേശനം - entrance എന്നാണ് അർത്ഥം. അവിടുന്നു ന്യായപ്രമാണത്തിൻ കീഴുള്ളവരെ രക്ഷിക്കുവാൻ ന്യായപ്രമാണത്തിൻകീഴ് ജനിച്ചുവളർത്തപ്പെട്ടു. ദൈവജനവുമായി താദാത്മ്യപ്പെടുകയും ന്യായപ്രമാണം നിവർത്തിക്കുവാനാണ് വന്നതെന്നും കർത്താവ് പ്രസ്താവിക്കുകയാണ് ഈ ആചരണത്തിലൂടെ ചെയ്യുന്നത്.

## വലിയ നോമ്പ് കാലഘട്ടം

**(സൗമോ റാബോ)**

കർത്താവ് യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ, പീഡാനുഭവം, കുരിശുമരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ് എന്നീ രക്ഷാകരസംഭവങ്ങൾ ധ്യാനിച്ചു വിശ്വാസ സമൂഹം ആ അനുഭവത്തിൽ ജീവിക്കുവാൻ ഒരുക്കുന്ന കാലഘട്ടമാണ് വലിയ നോമ്പ്. ഉപവാസത്തോടും പ്രാർത്ഥനയോടും അനുതാപ ഹൃദയത്തോടും കർത്താവിന്റെ കുരിശിങ്കലേക്കു നോക്കുന്നതിനും അവനെ വിശ്വസിക്കുന്നതിനും, ശരണപ്പെടുന്നതിനും ഉള്ള അവസരമാണ് നോമ്പുകാലം. ദൈവരാജ്യത്തിന്റെ മഹത്വം യേശുക്രിസ്തുവിലൂടെ വെളിപ്പെടുത്തപ്പെട്ടു. അതുകൊണ്ട് കർത്താവിന്റെ ശുശ്രൂഷയുടെ വിവിധവശങ്ങളാണ് നോമ്പിന്റെ 7 ഞായറാഴ്ചകളിൽ ധ്യാനിക്കുന്നത്. പീഡാനുഭവവാരത്തിൽ കർത്താവിന്റെ പീഡാനുഭവവും ക്രൂശീകരണവും കബറടക്കവും ഉയിർത്തെഴുന്നേൽപ്പും ധ്യാനിച്ചുകൊണ്ട് ദൈവത്തിന് സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. കർത്താവ് മരുഭൂമിയിൽ നാല്പതുദിവസം ഉപവസിച്ചതിനോട് ഏകീഭവിച്ചുകൊണ്ട് തിരുസഭ ഈ ദിവസങ്ങൾ ഉപവാസത്തിലും നോമ്പിലും വ്യാപൃതരാകുന്നു (മത്താ. 4:1-11; മത്താ. 1:12-13; ലൂക്കൊ. 4:1-13). നാല്പതാം വെള്ളിയാഴ്ചയോട് നോമ്പ് അവസാനിക്കുകയും തുടർന്നുള്ള 10 ദിവസങ്ങൾ കർത്താവിന്റെ പീഡാനുഭവം (ഹാശാ), കുരിശുമരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ് എന്നിവ ധ്വനിക്കുന്നു.

## പെസഹ വ്യാഴാഴ്ച

കർത്താവിന്റെ കുരിശുമരണത്തിന്റെ മുന്നോടിയായി തന്റെ ശരീരം ലോകത്തിന്റെ രക്ഷയ്ക്കുവേണ്ടി നുറുക്കപ്പെടുകയും തന്റെ രക്തം ലോകത്തിന്റെ വീണ്ടെടുപ്പിനുവേണ്ടി ചിന്തപ്പെ

ടുകയും ചെയ്യുന്നു എന്നതിന്റെ അടയാളമായി ശിഷ്യന്മാരുമായി അന്ത്യ അത്താഴം കഴിച്ചു. ഞാൻ വരുവോളം എന്റെ ഓർമ്മയ്ക്കായി ഇത് ചെയ്വിൻ എന്നു പ്രഖ്യാപിച്ചു ശിഷ്യന്മാരെ ഭരമേൽപ്പിച്ച ഈ കൃപാമുഖാന്തിരമായ വിശുദ്ധ കുർബ്ബാന തിരുസഭ ആരാധനയ്ക്കായി കൂടിവരുന്ന കർത്തൃത്വ ദിവസനങ്ങളിൽ പങ്കുകാരാകുകയും ചെയ്യുന്നു (മത്താ. 26:26-29, മർക്കൊ. 14:22-25; ലൂക്കൊ. 22:14-20, 1 കൊരി. 11:23-26, യോഹ. 6:52-58) ഈ ഭാഗങ്ങൾ കാണുക.

### ദുഃഖവെള്ളിയാഴ്ച (Good Friday)

മാനവരാശിയുടെ പാപങ്ങൾക്കു പരിഹാരമായി സ്വയം കുരിശിൽ ബലിയായി അർപ്പിച്ച കർത്താവിന്റെ കുരിശുമരണത്തെ അനുസ്മരിക്കുന്ന വലിയ ദിവസമാണ് ദുഃഖവെള്ളിയാഴ്ച. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ കാഠിന്യവും ദൈവസ്നേഹത്തിന്റെ കവിഞ്ഞൊഴുക്കും കർത്താവിന്റെ കുരിശിലൂടെ നമുക്ക് വെളിവാക്കിയിരിക്കുന്നു. കുരിശുമരണം പരാജയത്തിന്റെയും നിരാശയുടെയും അനുഭവമല്ല മറിച്ച് അത് പാപത്തിന്റെ മേലുള്ള വിജയത്തിന്റെയും ലോകത്തിന്റെ പ്രത്യാശയുടെയും അനുഭവമാണ് സൂചിപ്പിക്കുന്നത്. ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട, മ്ശിഹാ തമ്പുരാനേ ഞങ്ങളോടു കരുണ ചെയ്യണമെ' എന്നാണ് വിശ്വാസികൾ പ്രാർത്ഥിക്കുന്നത്.

### ദുഃഖശനി

പാപികളായ മനുഷ്യ വർഗ്ഗത്തിനുവേണ്ടി മരിച്ച കർത്താവ് കല്ലറയിൽ വസിച്ചുവെന്ന് തിരുവചനം നമ്മെ ഓർപ്പിക്കുന്നു. തിന്മാശക്തികളുടെ താൽക്കാലിക വിജയവും, ദൈവത്തിന് മരണത്തിൻമേലും, പാപത്തിൻമേലും ഉള്ള വിജയവുമാണ് തുടർന്ന് വിശ്വാസികൾ ആഘോഷിക്കുന്നത്. മരണത്തിന് അപ്പുറമായ സമൃദ്ധമായ ജീവന്റെ അനുഭവത്തിലേക്ക് നമ്മെ നയിക്കുവാൻ അവിടുന്നു പാതാളത്തിലേക്ക് ഇറങ്ങി-ഈ ദിവസം അതുകൊണ്ട് രക്ഷാചരിത്രത്തിന്റെ ഭാഗമായി തന്നെ സഭ കൊണ്ടാടുന്നു.

### ഉയിർപ്പ് ഞായറാഴ്ച

കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് തിരുസഭ സന്തോഷത്തോടെ ആഘോഷിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു, കർത്താവിന്റെ ഉയിർത്തെഴുന്നേൽപ്പാണ്. മരണത്തിനപ്പുറമായ നിത്യജീവൻ ക്രിസ്തുവിലൂടെ നമുക്കു ലഭിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ ഓരോ ഞായറാഴ്ചയും ഉയിർപ്പിന്റെ പെരുന്നാളെന്നു പറയാറുണ്ട്.

#### ഉയിർപ്പ് - സ്വർഗ്ഗാരോഹണം- പെന്തിക്കുസ്തികാലം:

സഭയുടെ ആരാധനാവർഷവും അതിന്റെ വായനകളും (Lectionary) ഉയിർപ്പുപെരുന്നാളുമായി ബന്ധിപ്പിച്ചാണ് കണക്കാക്കിയിരിക്കുന്നത്. ഉയിർപ്പിനുശേഷം 40-ാം ദിവസം കർത്താവിന്റെ സ്വർഗ്ഗാരോഹണവും അൻപതാം ദിവസം കർത്താവിന്റെ വാഗ്ദാനപ്രകാരം പരിശുദ്ധാത്മദാനം ലഭിച്ച ദിവസവുമാണ് (Day of Pentecost) ഈ സംഭവത്തിലൂടെ വിശ്വാസ സമൂഹ

ത്തിന് ദൗത്യത്തിനായുള്ള നിയോഗവും പുതിയ ശക്തിയും ലഭിച്ചിരിക്കുന്നു (ലൂക്കൊ. 24:1-12; 13-35; 50-53).

### മറുരൂപപ്പെരുന്നാൾ

ഓഗസ്റ്റ് 6-ാം തീയതിയാണ് കർത്താവിന്റെ തേജസ്മരണത്തിന്റെ ഈ പെരുന്നാൾ കൊണ്ടാടുന്നത്. യേശു ശിഷ്യന്മാർക്ക് തന്റെ മഹത്വം വെളിപ്പെടുത്തിയ സംഭവമാണ്. ക്രിസ്തുവിന്റെ പീഡാനുഭവത്തിനു മുൻപ് വരുവാനിരിക്കുന്ന തേജസ്സിന്റെ വെളിപ്പെടുത്തൽകൂടെയാണ് മറുരൂപപ്പെരുന്നാൾ (മത്താ. 17:1-9; മർക്കൊ. 9:2-15; ലൂക്കൊ. 9:28-36).

### ഉപസംഹാരം


കർത്താവിനെ സംബന്ധിച്ച പെരുന്നാളുകൾ ആഘോഷിക്കുന്നതിലൂടെ അവന്റെ പീഡാനുഭവത്തിൽ പങ്കാളികളാകുന്നതിനും അവനോടുകൂടെ ക്രൂശിക്കപ്പെട്ടു, അടക്കപ്പെട്ടുന്നതിനും അവിടുത്തെ പുനരുത്ഥാനത്തിനു ശക്തി അനുഭവിച്ചു അതിനു സാക്ഷ്യം വഹിക്കുവാനും (ഫിലി. 3:10-11) സഭയിലെ ഓരോ വിശ്വാസിക്കും കഴിയണം. ഉപഭോഗത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും സംസ്കാരത്തിൽ ജീവിക്കുന്ന നമുക്ക് കർത്താവിങ്കലേക്ക് നോക്കി ലളിതജീവിതം നയിക്കുവാനും ദൈവരാജ്യ ശുശ്രൂഷയിൽ പങ്കാളികളാകുവാനും കഴിയണം. സഭയിലെ പെരുന്നാളുകളിലൂടെ, നമ്മോടൊപ്പം സഞ്ചരിക്കുന്ന യേശുകർത്താവിനെ ഹൃദയത്തിൽ സ്വീകരിച്ച് സംവത്സരം മുഴുവൻ ധ്യാനിക്കുവാനും സാക്ഷിക്കുവാന് അവനുവേണ്ടിയും ലോകത്തിനുവേണ്ടിയും നുറുക്കപ്പെടുവാനും അയക്കപ്പെടുവാനും ഉള്ള സന്നദ്ധതയാണ് ആവശ്യമായിരിക്കുന്നത്. ഈ നോമ്പുകാലം അതിന് നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥനയോടെ ഈ പഠനം ഉപസംഹരിക്കുന്നു.



## മംഗളാശംസകൾ

അടൂർ ഭദ്രാസനത്തിലെ വൈദികൻ, ഭദ്രാസന സെക്രട്ടറി, ഹെർമോൻ ദൂതൻ മാനേജിംഗ് കമ്മറ്റിയംഗം, വിവിധ കമ്മറ്റികളുടെ സാരഥി എന്നീ നിലകളിൽ സജീവമായ സേവനം കാഴ്ചവെച്ച് കോട്ടയം സെന്റ് തോമസ് ഇടവകയുടെ വികാരിയായി സ്ഥലം മാറിപ്പോകുന്ന ബഹുമാന്യനായ എ. ജി. മാത്യു കശ്ശീശാക്ക് ഭദ്രാസനത്തിന്റെ ഭാവുകങ്ങൾ.

ഭദ്രാസന കൗൺസിലിന്റെ ആലോചനപ്രകാരം ഭദ്രാസന സെക്രട്ടറിയുടെ ചുമതലകൾ നിറവേറ്റുന്ന അടൂർ ഇമ്മാനുവൽ ഇടവക വികാരി റവ. അലക്സാണ്ടർ തോമസ് അച്ചന് സ്നേഹാശംസകൾ.




# കുരിശിലെ മേലെഴുത്ത് ഹൃദയഫലകയിൽ കുറിച്ചിടാം...

റവ. ബിബിൻസ് മാത്യൂസ് ഓമനാലി
ക്രിസ്തോസ് ഇമ്മാനുവേൽ മാർത്തോമ്മാ ചർച്ച്, പട്ടാഴി.

**1. നോമ്പ്?**

യേശുക്രിസ്തുവിന്റെ പീഡാനുഭവങ്ങളിൽ ധ്യാനപൂർവ്വം പങ്കുചേരുന്ന കാലമാണ് നോമ്പുകാലം. സുഖങ്ങളെ വർജ്ജിച്ച് ആത്മിയജീവിതത്തിന് പ്രാധാന്യം നൽകി, ജീവിതത്തിന്റെ സമസ്തമേഖലകളിലേക്കും അതിന്റെ ഒഴുക്ക് സാധ്യമാക്കുകയാണ് നോമ്പിന്റെ ലക്ഷ്യം. നോമ്പ് ആരംഭിക്കുന്ന ദിവസത്തെ കുറിക്കുന്ന പേരാണ് 'പേത്രത്ത' 'വിടപറയുക' എന്നാണ് അർത്ഥം. ദൈവവചനപഠനം, പ്രാർത്ഥന, ഉപവാസം എന്നിവയാൽ നോമ്പുകാല ജീവിതം ശ്രേഷ്ഠമാക്കുക എന്നതും തുല്യപ്രാധാന്യം അർഹിക്കുന്നു. നഷ്ടപ്പെട്ടുപോയ പറുദീസയുടെ അനുഭവം വീണ്ടെടുക്കുന്നതിനുള്ള ശ്രമമാണ് ഈ നാളുകളിൽ നമുക്ക് ആവശ്യം. സ്വയശോധനയ്ക്കും, പുതുതീരുമാനങ്ങൾക്കും വഴിതുറക്കുന്നതിലൂടെ പുതുശക്തി സ്വായത്തമാക്കണം. അതിനായി നമ്മുടെ ഒരുക്കവും സമർപ്പണവും വളരെ അത്യന്താ

പേക്ഷിതം തന്നെ. വ്യക്തിപരമായ അനുഭവങ്ങൾ സാമൂഹികതലങ്ങളിലേക്ക് പ്രവഹിപ്പിച്ച, ബന്ധങ്ങൾ 'ആത്മാവിന്റെ ഫലം' കൊണ്ട് ഊടുംപാവും നെയ്ത് അനുഗ്രഹീതമാക്കുവാനും കഴിയണം. നോമ്പാനുഭവങ്ങളിലൂടെ ജീവിതത്തിന്റെ സഞ്ചാരപഥം തെളിലച്ച്, നാം ദൈവത്തിന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ, അക്ഷരാർത്ഥത്തിൽ, സൃഷ്ടിക്കപ്പെടേണ്ടിയിരിക്കുന്നു.

**2. പീഡാനുഭവങ്ങളുടെ യാത്ര**

"ഇടുക്കുവാതിലൂടെ അകത്തു കടപ്പിൻ..., ജീവങ്കലേക്കുപോകുന്ന വാതിൽ ഇടുക്കവും ഞെരുക്കവുമുള്ളത്; അത് കണ്ടെത്തുന്നവർ ചുരുക്കമത്രെ" (മത്താ. 7:13,14).

യോഹന്നാൻ എഴുതിയ സുവിശേഷത്തിൽ യേശുപറയുന്നു, "ഞാൻ വാതിൽ ആകുന്നു എന്നിലൂടെ കടക്കുന്നവൻ രക്ഷപെടും..." (യോഹ. 10:9). ക്രിസ്തീയ ജീവിതം സ്വർഗ്ഗരാജ്യത്തേക്കുള്ള ഒരു തീർത്ഥാടനമാണ്. ഈ യാത്രയിൽ സംഭവ്യമായ എല്ലാവിധ തടസ്സങ്ങളേയും നീക്കി സുഗമമായി യാത്രചെയ്യുന്നതിന് നോമ്പുകാല ചിന്തകളും, തീരുമാനങ്ങളും സഹായകരമാണ്. നോമ്പ് സഭയുടെ പഠിപ്പിക്കൽ മാത്രമല്ല, കർത്താവിന്റെ ശരീരമാകുന്ന സഭയിലെ ഓരോ വ്യക്തിയുടേയും (അവയവങ്ങൾ) അനുഭവവുമായിരിക്കണം. ഒരുവിധത്തിൽ, രക്ഷകന്റെ പീഡാനുഭവത്തിൽ ചേരുന്നത് ഒരു സ്വയം തീരുമാനവുമായി ഭവിക്കേണ്ടതാണ്. 'എനിക്കാവശ്യമുള്ള'നിഷ്ടകളെ അറിഞ്ഞ്, ദുഷ്ടതയുടെ സർവ്വഭാവങ്ങളും ഭാവനകളും ദൂരീകരിച്ച്, ക്രിസ്തുയേശുവിന്റെ ജീവിതശൈലിയിലും സരണികളിലും അവയെ കണ്ടെത്തുന്ന-തികച്ചും-വ്യക്തിഗത അനുഭവം, ക്രിസ്തുവിന്റെ പീഡാനുഭവങ്ങളിൽ കൂടെ മാത്രം ആഘോഷിക്കുവാൻ കഴിയുന്ന അനുഭവം. ഈ ആഘോഷം (celebration) അവിസ്മരണീയമാകും. അത് ജീവിതത്തിന്റെ നായകനും രക്ഷിതാവുമായ യേശുവിൽ ജീവൻ കണ്ടെത്തിയതിലുള്ള ആഘോഷമാണ്. നോമ്പാചരണമില്ലാതെ 'നോമ്പുവീടൽ' നടത്തുന്നത് കെട്ടഴിക്കാതെ വള്ളം തുഴയുന്നതിനു സമാനമാണ്. നാശത്തിലേക്കുള്ള വാതിൽ വീതിയുള്ളതും വിശാല

> *"ഇടുക്കുവാതിലൂടെ അകത്തു കടപ്പിൻ..., ജീവങ്കലേക്കുപോകുന്ന വാതിൽ ഇടുക്കവും ഞെരുക്കവുമുള്ളത്; അത് കണ്ടെത്തുന്നവർ ചുരുക്കമത്രെ"*

മായതുമാണ്. യാത്ര സുഗമവുമാണ്. കർത്താവിന്റെ കഷ്ടാനുഭവങ്ങളിൽ പങ്കാളികളാകുവാൻ വിമുഖരായവർ നാശത്തിലേക്കു യാത്ര തുടങ്ങിക്കഴിഞ്ഞു. എന്നതാണ് സത്യം. 'പീഡനം' എന്ന പദത്തിനു നമ്മുടെ സംസ്കാര വ്യവസ്ഥിതിയിൽ വളരെ അർത്ഥഭേദം സംഭവിച്ചിരിക്കുന്നു. മൂല്യതകർച്ചയുടെ അഗാധഗർത്തത്തിന്മേൽ പരവതാനിവിരിച്ച് ആഘോഷിക്കുന്ന യാഥാർത്ഥ്യമാണ് സ്ഥിതിവിശേഷം. യേശുവിനൊപ്പം ഒരു വേറിട്ട വഴി സ്വീകരിക്കുവാൻ 'നിങ്ങൾക്കു' താത്പര്യമാണോ? യാത്ര ദുഷ്ക്കരമാണ് എന്നത് മറക്കാതിരിക്കുക.

### 3. മരണമെങ്കിലും മറ്റുള്ളവർക്കു വേണ്ടി...

"മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിപ്പാനല്ല, ശുശ്രൂഷിക്കാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുപ്പാനും വന്നതുപോലെ തന്നെ എന്നുപറഞ്ഞു..." (മത്താ. 20:28).

യേശുവിന്റെ പീഡാനുഭവങ്ങളോടുചേർന്നു ജീവിതം രൂപപ്പെടുത്തുന്ന ഈ യാത്രയും ജീവിതവും മരണത്തിലേക്ക് നയിക്കപ്പെടുന്നു എന്ന അറിവ് മഹത്വകരമാണ്. കാരണം, മരണത്തെ ജയിച്ച ക്രിസ്തുവിലുള്ള ജീവന്റെ ഘട്ടം ഉയിർത്തെഴുന്നേല്പിലേക്ക് കടക്കുമല്ലോ. പുലർച്ചെക്കും അന്തിക്കുമിടയിൽ മറയുന്നതിനു മുൻപ് മറ്റുള്ളവർക്കുവേണ്ടി നിസ്വാർത്ഥമായി ജീവിക്കുന്നത് സംതൃപ്തി നൽകുന്ന അനുഭവമാണ്. മറ്റുള്ളവർക്കുവേണ്ടി ജീവൻ അർപ്പണം ചെയ്ത യേശുവിന്റെ മരണം മനസ്സിലാക്കിയുള്ള ആവേശഭരിതമായ യാത്രയും മഹത്വകരമാണ്. സ്വന്തജീവൻ നിലനിർത്തുവാൻ തിരക്കുകൂട്ടുന്നതിനിടയിൽ മറ്റുള്ളവർക്ക് ജീവൻ പകരുന്ന ഒരു വ്യക്തിക്കു നഷ്ടപ്പെടാനൊന്നുമില്ല. എന്തെങ്കിലും നഷ്ടപ്പെടും എന്ന ചിന്ത ഏതൊരാളെയും ഭയം കീഴ്പ്പെടുത്തുന്നു. അങ്ങനെയുള്ള ഒരു വ്യക്തിക്കു കർത്താവുമായുള്ള ബന്ധം എങ്ങനെ വ്യക്തമാക്കാനാകും? തികഞ്ഞ സ്നേഹത്തിൽ മഹത്വകരമായ ജീവിതം നയിക്കുന്നതിന് നിശ്ചയദാർഢ്യം ഉണ്ടായിരിക്കണം. അത് മറ്റുള്ളവർക്കുവേണ്ടിയാകുമ്പോൾ എത്രയും മഹത്വകരം എന്നുപറയുക അസാദ്ധ്യം. അത് നമ്മുടെ ജീവിതസന്തോഷത്തിനു സ്ഥിരത നൽകുന്നു.

കൊച്ചുമകന്റെ പിറന്നാൾ ദിനം ആഘോഷിക്കുമ്പോൾ തൊട്ടടുത്ത വീട്ടിൽ കഴിയുന്ന വല്യപ്പച്ചനും സഹോദരനും സന്നിഹിതരല്ല; അയൽപക്കമെല്ലാം ഉണ്ട്. എന്തുകൊണ്ട് ഇത്തരം സംഭവങ്ങൾ കൂടിവരുന്നു? ദുർഗന്ധം വമിക്കുന്ന ജീവിതങ്ങളിൽ സ്നേഹത്തിന്റെ നിലാവെളിച്ചം പകരുമ്പോഴാണ് സ്വന്തജീവിതം സുഗന്ധമാകുന്നത്. സ്വന്തം ഉയിർത്തെഴുന്നേൽപ്പ് സഹോദരന്റെയും സ്നേഹത്തിന്റെയും ഉയിർപ്പിലൂടെയാണ് സംഭവി

ക്കേണ്ടത്. ഒടുവിൽ 'ഹോശന്നാ' പാടുന്നതിനുള്ള അവകാശം അവർക്കുമാത്രമല്ലേ? ആത്മീയതയിലും ഇപ്രകാരമുള്ള അദ്ധ്വാനം അന്തർലീനമാണ്. വിതച്ചവർ മാത്രമാണ് ആർപ്പോടു കൊയ്യുന്നത്. വിതയ്ക്കാതെ കൊയ്യുവാനും കൊയ്യുന്നത് കൂട്ടിവയ്ക്കുന്നതിനും ശ്രമിക്കുന്നവർ വിശാലമായ വഴിയിൽ ജീവിതം ആസ്വദിക്കുന്നു. 'മൂഢൻ' എന്നാണ് യേശു ആ വ്യക്തിയെ പറഞ്ഞിരുന്നത്.

**4. ചുറ്റുപാടുകൾ ഉയർത്തുന്ന കഷ്ടാനുഭവങ്ങൾ**

"...അവൻ മരണയോഗ്യൻ എന്നു അവർ ഉത്തരം പറഞ്ഞു" (മത്താ. 26:686).

യേശു സ്വയം ദൈവപുത്രൻ എന്നു വെളിപ്പെടുത്തിയ നല്ല സന്ദർഭത്തിലാണ് മരണയോഗ്യനായി വിധിക്കപ്പെട്ടത്. കഷ്ടതകൾ എന്നതു വിവക്ഷിക്കാവുന്നത് രോഗമോ... നഷ്ടമോ.... മാത്രമല്ലല്ലോ, മരിച്ച് നമ്മുടെ ചുറ്റുപാടുകളിൽ നിന്നും നേരിടുന്ന അനുഭവങ്ങളും ഉൾച്ചേർന്നിരിക്കുന്നു.

തന്റെ ജനത്തെ അവരുടെ പാപത്തിൽ നിന്നും മോചനം നൽകുവാൻ വന്ന രക്ഷകനെ 'കൊള്ളക്കാരൻ പോലെ' ക്രൂശിൽ തൂക്കി "അവൻ സ്വന്തത്തിലേക്കുവന്നു. സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല." പത്രൊസ് തള്ളിപ്പറഞ്ഞു. യൂദാ ഇസ്ക്കരിയോത്താ ഒറ്റിക്കൊടുത്തു. നീതിപീഠം കൈകഴുകി. മനുഷ്യന്റെ പാപസ്വഭാവം യേശുവിനു കുരിശ് നൽകി ഏറ്റവും നീചമായ അവസാനം നൽകുവാൻ ലോകം വിധിച്ചു. ഇന്നും ഒരു തുടർക്കഥപോലെ...

നാം, വിലമതിക്കാനാവാത്ത രക്തത്തിന്റെ പങ്കുകാരാണ്. യേശുവിനെ അനുഗമിക്കുക വളരെ പ്രയാസകരം തന്നെ. ക്രിസ്തുവിന്റെ ജീവിതം അനുഗമിക്കുന്നവർ ക്രിസ്തുവിൽ നിന്നും പഠിക്കേണ്ടതാകുന്നു. വരുവാനിരിക്കുന്ന അനുഭവങ്ങളെ മുൻകൂട്ടി മനസ്സിലാക്കി ഒരുക്കമുള്ളവരായി നിൽക്കുന്ന കഷ്ടതകൾ ഭയന്നും അവഗണിച്ചും ആശയപരമായി (പ്രവൃത്തിയില്ലാതെ) വാതോരാതെ അടക്കം പറഞ്ഞും പരത്തിയും ലോകം വ്രണിതമാകുന്നതാണ് കാഴ്ച. 'കഷ്ടാനുഭവ ആഴ്ച' നമ്മുടെ നിലപാടുകൾ ദൈവബോധംകൊണ്ടു പാവനമാക്കുക അതിൽ നാം ശക്തരാകുകയാണ്. ആവേശം തുടക്കം മുതൽ ഒടുക്കംവരെ നിലനിർത്തുവാൻ ജാഗ്രത ആവശ്യമാണ്.

വേദപഠനത്തിലൂടെ യേശുവിന്റെ കാൽപാടുകൾ പിന്തുടരുക. പട്ടണങ്ങളും, വെളിമ്പ്രദേശങ്ങളും, മലകളും, കടലും, കുളക്കരയും കടന്ന് കോടതിമുറ്റത്തും, ഗോൽഗോഥാവിലും നിന്ന് യേശുവിന്റെ ചലനങ്ങളും സംഭാഷണങ്ങളും സസൂക്ഷ്മം കാണുക. കർത്താവിനോടുള്ള സ്നേഹം കുരിശിന്റെ നിന്ദയും ഭാരവും ലഘൂകരിക്കും. ഇനിയും കണ്ടെത്തിയിട്ടില്ലാത്ത ജീവിതത്തിന്റെ അർത്ഥതലങ്ങളെ അന്വേ

*വേദന അറിയാത്തതും, അറിയുവാൻ തെല്ലും താത്പര്യ മില്ലാത്തും, അറിയുമ്പോൾ പൊട്ടിച്ചിതറുന്ന തലമുറയും, വേദന അറിയിക്കാതെ വളർത്തുന്ന മാതാപിതാക്കളും എന്നന്നേക്കും വേദനയായി തീരുന്നു.*

ഷിച്ചു കണ്ടെത്തുവാൻ ഈ യാത്ര ഉപകരിക്കും. നോമ്പ് വലിയൊരു അനുഭവം തന്നെ.

**5. ആത്മനിയന്ത്രണം അതിജീവന മാർഗം**

"അപ്പോൾ അവർ തുപ്പി, അവനെ മുഷ്ടിചുരുട്ടി കുത്തി, ചിലർ അവനെ കരണത്തടിച്ചു..." (മത്താ. 26, 67, 68).

ക്രിസ്തു സഞ്ചരിച്ച പാതകളെ എന്റെ ജീവിതക്രമംകൊണ്ട് അലങ്കരിച്ചു. അനശ്വരമാക്കുക. സ്വയപരിശോധന നോമ്പിൽ പ്രധാനമാണ്. നമ്മുടെ ജീവിതപരിസരങ്ങൾ ആത്മനിയന്ത്രണമില്ലാത്ത (Self control) സംസ്കാരം പോക്ഷിപ്പിക്കുന്നു. പകരത്തിനുപകരം എന്ന പാഠം ഭേദിച്ച് അതിജീവനം എന്തെന്ന് യേശു ആത്മനിയന്ത്രണത്തിലൂടെ വ്യക്തമാക്കുന്നു.

വേദന അറിയാത്തതും, അറിയുവാൻ തെല്ലും താത്പര്യമില്ലാത്തും, അറിയുമ്പോൾ പൊട്ടിച്ചിതറുന്ന തലമുറയും, വേദന അറിയിക്കാതെ വളർത്തുന്ന മാതാപിതാക്കളും എന്നന്നേക്കും വേദനയായി തീരുന്നു. നിയന്ത്രണമില്ലാത്ത പ്രതികരണങ്ങളും, മരവിച്ച ശീലങ്ങളും (ജീവന്റെ തുടിപ്പ് നഷ്ടപ്പെട്ട്) നമ്മെ വളരെ നിരാശരാക്കുന്നില്ലേ? "സംതൃപ്തി' എന്നതിന് എന്ത് അർത്ഥം നാം കല്പിക്കുന്നു? കുരിശെടുത്ത് ക്രിസ്തുവിനെ അനുഗമിക്കുക. നന്മയാൽ തിന്മയെ/നിന്ദയെ ജയിക്കുക അതുവഴി നിയന്ത്രണവിധേയമായ പുതിയ ശീലങ്ങളും രീതികളും നമ്മുടെ സവിശേഷതകളാകും. കാരണം, ക്രിസ്തുവിൽ ഉദാത്തമായതുമാത്രമാണ് കാണുന്നത്. അവയൊക്കെ മനസ്സിനെ പഠിപ്പിക്കുക, നാവിനെ പരിശീലിപ്പിക്കുക സന്ദർഭോചിതമായി പ്രയോഗിക്കുക. ഓർക്കുക, ക്രിസ്തുവിന്റെ നിഴലുകളാണ് നാം ഓരോരുത്തരും. 'ആത്മാവിന്റെ ഫലം' നൽകാതെ മറ്റുതരമില്ല (ഗലാ. 5:22,23). നിശബ്ദതയുടെ ശക്തിയും ഇവിടെ യേശുവിൽ ദർശിക്കുന്ന സവിശേഷതയാണ്.

**6. വിശ്വസിക്കുന്നവരിൽ വ്യാപരിക്കുന്ന അളവറ്റ ദൈവശക്തി.**

"ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു (1 കൊരി. 1:18).

നാം എല്ലാവരും കാഴ്ച കാണുവാൻ കൗതുകമുള്ളവരാണ്. നോമ്പുകാലത്ത്, നിയന്ത്രിത ജീവിതശൈലി

യോടൊപ്പം വിശ്വാസത്തിന്റെ കണ്ണുകളിൽ കൂടി ജീവിതക്കാഴ്ചകൾ (അനുഭവങ്ങൾ, പരിസരങ്ങൾ) കാണുവാൻ പരിശീലിക്കണം. “Immediate returns” ആഗ്രഹിക്കുന്നിടത്ത് ദൈവശക്തിയോ, വിശ്വാസമോ ആയിരിക്കണമെന്നില്ല ആധാരം. ഒന്നും ലഭിച്ചില്ലെങ്കിലും ദാനിയേലിനെപ്പോലെ വിശ്വാസം വ്യക്തമാക്കുന്നതിന് കഴിയണം. 'വിശാലവഴികൾ' തേടുന്നവർ ക്രൂശിന്റെ വചനം അവഗണിക്കുന്നവരാണ്. “വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും.” ആ മഹത്വദർശനം വിശ്വാസക്കണ്ണുകളാൽ കാണുമ്പോൾ ജീവിതത്തിനു സന്തോഷവും ക്രമവും ഉണ്ടാകുന്നു. അങ്ങനെയുള്ളവർക്കാണ് പാപമില്ലാത്ത ഒരുലോകം സ്വപ്നം കാണുവാൻ ധൈര്യമുള്ളത് (യെശ. 11:6–9). ദുർഘടമായ വഴി തെരഞ്ഞെടുത്ത് ക്രൂശിന്റെ വചനം ചുംബിക്കുന്നവർ (ശിരസ്സാവഹിക്കുന്നവർ) ചുരുക്കം. എല്ലാ പ്രശ്നങ്ങളിലും, ആശങ്കകളിലും സന്തോഷവും പ്രത്യാശയും ധൈര്യവും ലഭിക്കുന്നത് നമ്മിൽ വ്യാപരിക്കുന്ന അളവില്ലാത്ത ദൈവശക്തിയിലൂടെയാണ്.

### 7. ക്രിസ്തുവിൽ ഒരു പുത്തൻ വിലാസം

“ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അത് പുതുതായി തീർന്നിരിക്കുന്നു”(2 കൊരി. 5:17).

നോമ്പ് ഒരു മരീചിക അനുഭവമാകതെ, ജീവിത യാഥാർത്ഥ്യങ്ങൾ പ്രായോഗികതയിൽ ആസ്വാദനം ചെയ്യുവാൻ നമ്മെ പ്രാപ്തരാക്കണം. ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിക്കു ക്രിസ്തുവിനെ കൂടാതെ ഒരു മേൽവിലാസം ഉണ്ടാകില്ല. 50 ദിവസം (നോമ്പ്) ഒരു വലിയ 'തലവേദനയോ, സന്തോഷം മങ്ങിയ അവസ്ഥയോ' എന്ന് കാണുകയല്ല, സ്വയം ശിക്ഷിക്കുകയല്ല, പകരം സ്വയം ശിക്ഷണ വിധേയമാക്കുക. ലോകത്തിന്റെ പ്രകാശമായ യേശു ജീവിതത്തിന്റെ വെളിച്ചമാകുമ്പോളുണ്ടാവുന്ന ശോഭ കൈവരണം. ശിക്ഷണം കൂടാതെ ക്രമമില്ല. ക്രമരാഹിത്യം അല്ല, ക്രമമുള്ള ജീവിതം രൂപപ്പെടുത്തുക. വേദപഠനം, സന്ധ്യാപ്രാർത്ഥനകൾ, നമസ്കാരം, നിഷ്ഠകൾ ഇവയെല്ലാം ശിക്ഷണത്തിനും ജീവിത മാർഗ്ഗരേഖയ്ക്കും അടിസ്ഥാനമാണ്. സ്വയം തെരഞ്ഞെടുത്ത വഴിയെന്ന് നമ്മെത്തന്നെ ഓർമ്മപ്പെടുത്തുക. തീരുമാനങ്ങൾക്കും നിഷ്ഠകൾക്കും നിലനിൽപ്പുണ്ടാകുന്നതിന് അതേറെ സഹായകമാകും. നോമ്പുകാലത്ത് നാമെന്ത് ചെയ്യാതിരിക്കുന്നു എന്നത് മാത്രമല്ല, എന്ത് ചെയ്യുന്നു എന്നതും പ്രാധാന്യ മർഹിക്കുന്നു. പുത്തൻ വിലാസം ക്രിസ്തുവിൽ സാദ്ധ്യമാകേണ്ടത് വിദൂരഭാവിയിലല്ല, ഇത് കാറ്റിൽ പാറുന്നൊരു ആശയമായി മാറരുത്. ഈ നോമ്പുകാലം പീഡാനുഭവ യാത്രയാകുമ്പോൾ കാത്തിരിക്കുന്ന പറുദീസയുടെ ആഘോഷമാകും. അർത്ഥപൂർണമാകും.

*ചില സൂചനകൾ:*

- വിദ്വേഷവും അകൽച്ചയുമുള്ളേടത്ത് ക്ഷമ നൽകിയും ചോദിച്ചും സ്നേഹം വിതയ്ക്കുമ്പോൾ.
- ശത്രുവിനെ മിത്രമാക്കുമ്പോൾ.
- പറയുന്നതിനേക്കാൾ കേൾക്കുന്നതിന് (ശ്രദ്ധിക്കുന്നതിന്) താത്പര്യം പ്രകടിപ്പിക്കുമ്പോൾ.
- അങ്ങനെ നീളുന്നു കാര്യങ്ങൾ.

## ഉപസംഹാരം

വിവിധതരം വികാര-വിചാരങ്ങളാൽ ദാഹിക്കുന്ന നാം മ്ലേച്ഛതയുടെ 'പ്രളയത്തിൽ' മുങ്ങാതെ അതിനുമേൽ 'മഴവില്ല്' കാണുന്ന ജീവിതാനുഭവം സ്വന്തമാക്കുക. യേശുവിലുള്ള വളർച്ചയ്ക്കുയോജ്യമായ രീതിയിൽ ചുവടുകൾ വയ്ക്കാം. യാത്ര ദുഷ്ക്കരമെങ്കിലും അതിനുള്ള ത്രാണിയും വിശ്വാസവും ആർജ്ജിക്കാം. ജീവിതം ക്രിയാത്മക പ്രവർത്തനങ്ങളാൽ ശ്രേഷ്ഠവും വിശ്വാസത്താൽ സമ്പന്നവുമാകട്ടെ. 50 ദിവസം നോമ്പ് തികയ്ക്കുമ്പോൾ മരുഭൂമിയെ പച്ചപ്പണിയിച്ച് വസന്തം വിരിയിക്കുന്ന ജീവിതം സ്വപ്നമാകട്ടെ. ഒരോ വിശ്വാസിക്കും എല്ലാ ദിവസവും നോമ്പാചരണമാണ്. "ദൈവമേ, ചെറുതാകുവാൻ ഞാൻ നിന്നിൽ എത്രവളരേണം" എന്നു ദൈവത്തോടു ആരായുക. "അസാദ്ധ്യതകളിലേക്കു വലിച്ചെറിയപ്പെടുവാൻ ഞങ്ങളെ പഠിപ്പിക്കണമേ. അതിനു പിന്നിലും അവിടുത്തെ കൃപയും സാന്നിധ്യവുമുണ്ടല്ലോ (ബൊളിവീയയിലെ ഒരു പുരോഹിതന്റെ) എന്ന പ്രാർത്ഥന നമ്മെ ശക്തീകരിക്കട്ടെ.

## കബിലാനാ

കാസായും പീലാസയും മൂടുന്ന തുണികൊണ്ടുള്ള ചെറിയ ആവരണമാണിത്. 'കബിലാനാ' എന്ന വാക്കിന്റെ അർത്ഥം 'മൂടി' എന്നാണ്. ദൈവാലയത്തിനു മുകളിൽ ആവസിച്ച മേഘത്തിന്റെ (1 രാജാ. 8:10-11) പ്രതീകമായി ഇതിനെ വ്യാഖ്യാനിക്കുന്നുണ്ട്. ഇതേ വ്യാഖ്യാനം ശോശപ്പക്കും നൽകുന്നുണ്ട്.

ഹെർമ്മോൻ ദൂതനെ സംബന്ധിച്ച അറിയിപ്പുകൾ, നിർദ്ദേശങ്ങൾ, ഫോട്ടോകൾ, ലേഖനങ്ങൾ എന്നിവ ജൂൺ 20 ന് മുമ്പ് ലഭിച്ചിരിക്കേണ്ടതാണ്. അടുത്ത ലക്കത്തിന്റെ വിഷയം

"നവീകരണം: ഒരു കൗദാശിക ജീവിത ശൈലി."

**എഡിറ്റർ.**





# ഒഴിഞ്ഞ കല്ലറയും നിറഞ്ഞ ജീവിതവും

റവ. ജോർജ് ഏബ്രഹാം

*"അവൻ ഇവിടെ ഇല്ല, ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (ലൂക്കൊ. 24:6).*

ക്രിസ്തുസഭയുടെ തുടക്കം തുറന്ന കല്ലറയിൽ നിന്നാണ്. യേശുവിന്റെ ഉയിർത്തെഴുന്നേല്പാണ് സഭയുടെ അടിസ്ഥാനം. ആയിരമായിരം വിശ്വാസികൾ ധീരസാക്ഷ്യം നൽകിയതും രക്തസാക്ഷിത്വം വഹിച്ചതും ഇന്നും ജീവിക്കുന്നതും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ നിയോഗം അനുസരിച്ചാണ്. കുരിശുമരണം അർത്ഥപൂർണ്ണമാകുന്നതും പുനരുത്ഥാനം കൊണ്ടാണ്. യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പോടെ യാതനയുടെ ഇരുൾ തീരുകയും നിത്യതയുടെ കവാടം തുറക്കപ്പെടുകയും ചെയ്തു. ഉയിർപ്പ് പാപത്തിൽ നിന്നുള്ള മോചനവും സമൃദ്ധിയായ ജീവനും നിത്യജീവന്റെ ഭദ്രതയും നമുക്ക് നൽകുന്നു. തന്നെ കൊല്ലുവാനായികൊണ്ടുപോകുമ്പോൾ ബോൺഹോഫർ ഇപ്രകാരം പറഞ്ഞു: "For world this is the end, for me this is the beginning of life." ഒരു മുസ്ലീം സഹോദരൻ ഒരു ക്രിസ്ത്യാനിയായ തന്റെ സ്നേഹിതനോട് ഇപ്രകാരം പറഞ്ഞു:"നിങ്ങൾ മെക്കയിൽ ചെന്നാൽ അവിടെ നബിയുടെ ശവകുടീരം കാണാം, എന്നാൽ നിങ്ങൾ ക്രിസ്ത്യാനികൾക്ക് അങ്ങനെ കാണിക്കുവാൻ ഒന്നുമില്ലല്ലോ" അപ്പോൾ ക്രി

സ്ത്യാനി പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു, "ലോകത്തിൽ ക്രിസ്തുമാർഗ്ഗത്തിനുമാത്രമേ ഒരു ഒഴിഞ്ഞ കല്ലറ കാണിച്ചിട്ട് ക്രിസ്തുവിനെ ഇവിടെ അടക്കിയിരുന്നു, എന്നാൽ മൂന്നാം ദിവസം കല്ലറയിൽ നിന്ന് ഉയിർത്തെഴുന്നേറ്റു" എന്ന് ധൈര്യപൂർവ്വം പറയുവാൻ കഴിയൂ. ഒഴിഞ്ഞ കല്ലറ, ആത്യന്തികമായ വിജയത്തിന്റെ വിശ്വാസ പ്രഖ്യാപനമാണ്. മരണത്തിന്റെയും തിന്മയുടെയും ബന്ധനങ്ങളെ ഭേദിച്ച് ജീവന്റെയും പ്രത്യാശയുടെയും വാഗ്ദാനവുമായി അവൻ ഉയിർത്തെഴുന്നേറ്റതിനെ നാം ഉയിർപ്പ് പെരുന്നാളിൽ കൊണ്ടാടുന്നു.

## സമൃദ്ധിയായ ജീവൻ

കുരിശുമരണം അർത്ഥപൂർണ്ണമാകുന്നത് പുനരുത്ഥാനം കൊണ്ടാണ്. ദൈവത്തിന്റെ ജീവശ്വാസത്താൽ മനുഷ്യർ ജീവനുള്ളവരായിതീരുന്നു. നമ്മെ നിലനിർത്തുന്നതും ലോകത്തെ അഭിമുഖീകരിക്കുവാൻ പ്രാപ്തരാക്കുന്നതും ദൈവത്തിന്റെ ശക്തിയാണ്. മരണത്തിൽ നിന്നും ജീവനിലേക്കുള്ള പാത യേശു തന്റെ വാക്കിലൂടെയും പ്രവൃത്തിയിലൂടെയും വ്യക്തമാക്കി (യോഹ. 11:11-45).

യേശുവിന്റെ മരണത്തോടെ സകലവും നശിച്ചുയെന്ന് വിചാരിച്ച് നിരാശപൂണ്ടിരുന്ന ശിഷ്യർക്ക് അവൻ ഒരു വഴിപോക്കന്റെ രൂപത്തിൽ പ്രത്യക്ഷനാകുന്നു (ലൂക്കൊ. 24:13). അവന്റെ ഉയിർപ്പാൽ, തകർന്നുപോകാമായിരുന്ന എത്രയോ ജീവിതങ്ങളുയിർത്തെണീറ്റിരിക്കുന്നു. അല്പം പ്രകാശം കടത്തിവിട്ടാൽ കണ്ണുനീരിനും മഴവില്ലുകളെ സൃഷ്ടിക്കുവാനാകും. തന്റെ ജീവിതംപോലെ യേശുവിന്റെ ഉയിർപ്പും സ്വഭാവികമായ രീതിയിലായിരുന്നു. അത്യന്തം നാടകീയവും അത്ഭുതാവഹവുമായും മാത്രം ദൈവത്തിന്റെ പ്രത്യക്ഷപ്പെടലുകൾ ജീവിതത്തിൽ പ്രതീക്ഷിച്ചാൽ ദൈനംദിന ജീവിതത്തിലെ സാധാരണ സാഹചര്യങ്ങളിലൂടെയും വ്യക്തികളിലൂടെയും നമ്മുടെ ജീവിതത്തിൽ ഇടപെടുന്ന യേശുവിനെ കണ്ടെന്നുവരുകയില്ല. ഏത് അനുഭവത്തിലും സമൃദ്ധിയായ ജീവൻ അവൻ വാഗ്ദാനം ചെയ്തിരിക്കുന്നു. വിശുദ്ധ അഗസ്തിനോസ് പറഞ്ഞത് എത്രയോ സത്യം "We are an easter people and our song is Hallelujah". "ഭയപ്പെടേണ്ട, ഇത് ഞാനാണ്" എന്നുപറഞ്ഞ കർത്താവാണ് ഉയിർത്തെഴുന്നേറ്റ് നിൽക്കുന്നത്. ഇനി നിരാശയ്ക്ക് സ്ഥാനമില്ല. പ്രത്യാശയോടെ മുന്നേറണം. ദുഃഖങ്ങൾക്കു ശേഷം ആശ്വാസവും സഹനങ്ങൾക്കുശേഷം സന്തോഷവും ഉണ്ടെന്ന പ്രത്യാശ. അടയ്ക്കപ്പെട്ടവാതിലുകൾ തുറക്കുവാൻ തുറക്കപ്പെട്ട കല്ലറ നിമിത്തമാകണം.

## നിത്യജീവന്റെ ഭദ്രത

ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ്, ജീവിതം കാൽവറിയിലും കല്ലറയിലും അല്ല അവസാനിക്കുന്നത് എന്നതിന് തെളിവാണ്. ക്രൂശിക്കപ്പെട്ട കർത്താവിനെ അന്വേഷിച്ചവർക്കാണ് ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ ദർശനം ലഭിച്ചത് (മത്തായി 28:5-9). അനീതിയുടെ വിജയങ്ങൾക്ക് താൽക്കാലിക ആയുസ്സ് മാത്രമേ ഉള്ളൂ എന്ന്

ശൂന്യമായ കല്ലറ നമ്മെ ഓർമ്മിപ്പിക്കുന്നു. യേശുക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പ് മരണ ശക്തികൾക്ക് തോല്പിക്കാൻ കഴിയാത്ത ദൈവികശക്തിയെക്കുറിച്ച് പ്രഖ്യാപിക്കുന്നു. ഒഴിഞ്ഞ കുരിശ് ഉയിർത്തെഴുന്നേൽപിന്റെ സത്യവും, ശക്തിയും പ്രത്യാശയും അറിയിച്ച് കർത്തൃസിംഹാസനത്തിന്റെ കേന്ദ്രസ്ഥാനത്ത് സ്ഥാപിതമായി, പ്രയാസങ്ങളോ, തകർച്ചകളോ അവസാനമല്ലെന്നും ദൈവികശക്തിയാൽ പുനരുജ്ജീവനം സാധ്യമാണെന്നും ഉയിർത്തെഴുന്നേൽപ്പ് നമ്മെ പഠിപ്പിക്കുന്നു. “നാമോ ഇന്നുമുതൽ എന്നന്നേക്കും കർത്താവിനെ വാഴ്ത്തും” എന്നെഴുതിയിരിക്കുന്നത് മരണത്തിന് തോല്പിക്കാൻ കഴിയാത്തത്ര ഗാഢമായ ബന്ധം വിശ്വാസികൾക്ക് ലഭിച്ചിരിക്കുന്നതിനെ ഓർമ്മിപ്പിക്കുന്നു. മരണമുഖത്തു നിന്നുകൊണ്ട് “ഹേ മരണമേ, നിന്റെ ജയമെവിടെ?” എന്ന് വിളിച്ചുചോദിക്കുവാൻ മറ്റാർക്കാണ് സാധിക്കുക? മരിച്ചാലും ജീവിക്കുന്ന ക്രിസ്തുവിശ്വാസത്തിന്റെ അവകാശികളും പിൻതുടർച്ചക്കാരുമാണ് നാം. ഉത്ഥിതനായ ക്രിസ്തു നമ്മിൽ പരലോക ചിന്തയുമുണർത്തുന്നു. ‘ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ഒരുനാളും മരിക്കയില്ല” കാൽവറിയിലെ ആ ഗോതമ്പുമണി ഉത്ഥാനദിവസം നൂറുമേനിയാണ് ഫലം കൊയ്തത്.

## പാപത്തിന്മേലുള്ള വിജയം

അന്ധകാരത്തിലിരുന്ന ജനത്തിന് രക്ഷകൻ തന്റെ മരണത്തിലൂടെയും ഉയിർത്തെഴുന്നേല്പിലൂടെയും പാപത്തിന്മേലുള്ള വിജയം നൽകി. പാപത്തിന്മേൽ വിജയം നേടുവാൻ ഇന്നും ശക്തീകരിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിരന്തര സാന്നിധ്യവും ഉയിർപ്പിന്റെ അനുഗ്രഹം. പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും, നീതിയെക്കുറിച്ചും, ന്യായവിധിയെക്കുറിച്ചുമുള്ള വ്യക്തമായ ബോധ്യം വിശ്വാസികൾക്ക് നൽകുന്നു. സമൂഹത്തെ ദൈവോന്മുഖമായി രൂപാന്തരപ്പെടുത്തുവാൻ പരിശുദ്ധാത്മാവ് ലോകത്തിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. ഉത്ഥിതൻ അശക്തരെ ശക്തീകരിക്കുകയും ഭയചകിതരായിരിക്കുന്നവരെ ധൈര്യപ്പെടുത്തുകയും ചെയ്യുന്നു. കുരുശുമരണത്താൽ നേടിയ പാപമോചനവും നിത്യജീവനും അനേകർക്ക് ആത്മിക ദർശനം നൽകി മനുഷ്യസേവനത്തിന് സജ്ജരാക്കുന്നു.

വേർപാടിന്റെ നടുച്ചുവർ ഇനി ഇല്ല. യാതനകളുടെ ഇരുൾ തീർന്നു. നിത്യതയുടെ കവാടം തുറന്നു. ഇത് ഉയിർപ്പിന്റെ വലിയ ദിനം.

“എല്ലാ ദിവസങ്ങളിൽ വലുത് ഞായർ ദിനം തന്നെ.

ഇഹപരലോകേ സൃഷ്ടികളും മോദിക്കുന്നീ ദിനം.

ദൈവത്രോണോസ് ഇതിൽ മഹിമപ്പെടുന്നു.


രക്ഷയിൻ സുവിശേഷമതിലറിയിക്കുന്നു.

ജീവികൾ, മരിച്ചവർക്കാശ്വാസം പ്രത്യാശയുമുണ്ടായ്.

കബറിൽ നിന്നിഹ കർത്താവും ഉയിർത്തെഴുന്നേറ്റീ ദിനം.

ഹാലേലൂയ്യാ - സഭ മോദിക്കുന്നൂ’ -

ബാറെക്മാർ.



# പെന്തകോസ്തു

വെരി. റവ. ഡോ. പി. പി. ഏബ്രഹാം കശ്ശീശ

യഹൂദന്മാരുടെ പ്രധാന പെരുന്നാളുകളുടെ അടിസ്ഥാനത്തിലായിരുന്നു അവരുടെ മതപരമായ കലണ്ടർ ക്രമീകരിച്ചിരുന്നത്. മിസ്രയിമ്യ ദാസ്യത്തിൽ നിന്നുള്ള വിടുതലായിരുന്നു. പെസഹായുടെ അടിസ്ഥാനം അത് ആണ്ടിന്റെ ഒന്നാം മാസത്തിലും (പുറ. 12:2,5). ഒരു വയസ്സു പ്രായമുള്ള ഊനമില്ലാത്ത ആട്ടിൻകുട്ടിയെ അറുത്ത് രക്തം കട്ടിളക്കാലിൽ പുരട്ടണം. മാംസവും പുളിപ്പില്ലാത്ത അപ്പവും ചേർത്തുവേണം ഭക്ഷണം. യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗവുമായി ബന്ധിപ്പിച്ച് വി. പൌലൊസ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ക്രിസ്തുവാണ് നമ്മുടെ പെസഹാ കുഞ്ഞാട് (1 കൊരി. 5:7). പാപത്തിൽ നിന്നുള്ളവിടുതൽ യേശുവിന്റെ യാഗത്തിലൂടെയാണ്. ഇനി കാളകളുടെയും ആട്ടുകൊറ്റന്മാരുടെയും രക്തം അർപ്പിക്കേണ്ട ആവശ്യമില്ല.

കനാൻ ലക്ഷ്യമാക്കിയാണ് മിസ്രയിമിൽ നിന്നു വിടുവിക്കപ്പെട്ടത്. നാൽപതുവർഷത്തെ മരുപ്രയാണ ശേഷമാണത് സാദ്ധ്യമായത്. മരുഭൂമിയിൽ സ്ഥിരവാസമില്ല; യാത്രക്കാരാണ്: താമസം കൂടാരങ്ങളിലും. നാല്പതുവർഷത്തിനുള്ളിൽ നാല്പത്തിയൊന്നു ഇടങ്ങളിൽ മാറിമാറി കൂടാരമടിച്ചു. ജീവിതാവശ്യങ്ങൾക്ക് ഉയരത്തിലേക്ക് കണ്ണുയർത്തി മേഘത്തിന്റെ നീക്കമനുസരിച്ച് ജീവിച്ചു. പകൽ മേഘസ്തംഭവും രാത്രി അഗ്നിസ്തംഭവുമായി ദൈവം അവരെ നടത്തി. മന്നായും കാടപക്ഷിയും ഭക്ഷണം-എല്ലാം ആവശ്യാനുസരണം ദൈവം നൽകി.

കനാനിൽ പ്രവേശിച്ചതോടെ ജീവിതശൈലിമാറി നല്ല പാർപ്പിടസൗകര്യങ്ങൾ, കാർഷിക പ്രാധാനമുള്ള ജീവിതം ജീവിത ദർശനത്തിൽ തന്നെ മാറ്റമുണ്ടാകുന്നതു സ്വാഭാവികം. നാഥൻ നടത്തിയവിധം ഓർത്തു സ്തുതി

സ്തോത്രങ്ങൾ അർപ്പിക്കുവാൻ ആരംഭിച്ചതാണ് 'കൂടാരപ്പെരുന്നാൾ.'

മിസ്രയീമിൽ നിന്ന് മോശെയുടെ നേതൃത്വത്തിൽ യാത്രതിരിച്ച ജനം അൻപതാമത് ദിവസം സീനായിൽ എത്തി. ദൈവം അവരുമായി ഉടമ്പടി ബന്ധത്തിൽ പ്രവേശിച്ചു; ന്യായപ്രമാണവും നൽകി. ഈ ബന്ധത്തിന് മുൻകൈയെടുത്തത് ദൈവമാണ്. യിസ്രായേൽ മക്കളെ ദൈവജനമാക്കിയ സുപ്രധാന സംഭവമാണ് സീനായ് ഉടമ്പടി, 'ആകയാൽ നിങ്ങൾ എന്റെ വാക്കുകേട്ട് അനുസരിക്കയും എന്റെ നിയമം പ്രമാണിക്കയും ചെയ്താൽ നിങ്ങൾ എനിക്കു സകല ജാതികളിലും വെച്ച് പ്രത്യേക സമ്പത്തായിരിക്കും; ഭൂമി ഒക്കെയും എനിക്കുള്ളതല്ലോ. നിങ്ങൾ എനിക്ക് ഒരു പുരോഹിത രാജത്വവും വിശുദ്ധ ജനവും ആകും (പുറ. 19:5–6). ജനത്തിന്റെ പദവിയും (നിങ്ങൾ എനിക്കു പ്രത്യേക സമ്പത്ത്) ഉത്തരവാദിത്തവും (പുരോഹിത രാജത്വം....) വ്യക്തമാക്കുന്ന 'ഉടമ്പടി സംഭവ'മാണ് പെന്തകോസ്തിന്റെ മൂലം. 50–ാമത് എന്നാണ് വാച്യാർത്ഥം. പെസഹാക്ക് ഏഴ് ആഴ്ച കഴിഞ്ഞ് വരുന്നതുകൊണ്ട് വാരോത്സവം എന്നും അറിയപ്പെടുന്നു. വിളവെടുപ്പു കാലത്തായതുകൊണ്ട് കൊയ്തുത്സവമായും കൊണ്ടാടി. പരിശുദ്ധാത്മാവിനെ ലഭിച്ചതാണല്ലോ സഭയ്ക്ക് ലഭിച്ച ആദ്യഫലവും വലിയ ദാനവും.

മേൽപ്പറഞ്ഞ മൂന്നു പെരുന്നാളുകളിലും പ്രായപൂർത്തിയായ പുരുഷപ്രജയൊക്കെയും യെരുശലേമിൽ യഹോവയുടെ സന്നിധിയിൽ ഒത്തുചേരണം (ആവ. 16:16). വേലയൊന്നും പാടില്ല. ഒഴിവുസമയമാണ്. സ്വാഭാവികമായി എല്ലാവരും ഒത്തുച്ചേരുകയും ചെയ്യുമായിരുന്നു (ലേവ്യ. 23:2–3; സംഖ്യാ. 28:26).

യെഹൂദ മതാചാരപ്രകാരമുള്ള പെരുന്നാളുകൾ യഥാവിധി കൊണ്ടാടുന്നതിനു യേശുവും ശിഷ്യന്മാരും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. യേശുവിന്റെ സ്വർഗ്ഗാരോഹണശേഷം ആദ്യമൊക്കെ പെന്തകോസ്തുനാളിലെ സംഭവമാണ് അപ്പോസ്തല പ്രവർത്തികളിൽ കാണുന്നത്.

*"പെന്തകോസ്തു നാൾ വന്നപ്പോൾ എല്ലാവരും. ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. പെട്ടെന്നു കൊടിയ കാറ്റടിക്കുംപൊലെ... ഒരു മുഴക്കം ഉണ്ടായി.... അഗ്നിജ്വാലകൾപോലെപിളർന്നിരിക്കുന്ന നാവുകൾ പ്രത്യക്ഷമായി..... ഓരോരുത്തന്റെ മേൽപതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞവരായി.... അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി." (അ. പ്ര. 2:1–4).*

മറ്റേതു വിശദാംശങ്ങളെക്കാളും പരിശുദ്ധാത്മദാനം ലഭിച്ചതാണ് പെന്തകോസ്തു നാളിന്റെ പ്രാധാന്യം. ഇടിമുഴക്കം, തീ, തുടങ്ങിയവ നൂറ്റാണ്ടുകൾക്ക് മുമ്പെ, 'സീനായ് സംഭവ'ത്തോടനുബന്ധിച്ചു ഉണ്ടായി (പുറ. 19:16,18). കാറ്റടിച്ചു എന്നല്ല 'കാറ്റടിക്കും പോലെ' മുഴക്കം ഉണ്ടായി അഗ്നിജ്വാലയുണ്ടായി എന്നല്ല, 'അഗ്നിജ്വാലപോലെ' പിളർന്നിരിക്കുന്ന നാവുകൾ പ്രത്യക്ഷമായി എന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് 'സീനായ് സംഭവ'ത്തിനു തുല്യമായ അനുഭവങ്ങൾ

ഉണ്ടായി എന്നു ചുരുക്കം. സീനായിൽ വെച്ച് ന്യായപ്രമാണം ലഭിച്ചതിനെ അനുസ്മരിക്കുന്ന പെരുന്നാളായിരുന്നല്ലോ പെന്തകോസ്തു. പരിശുദ്ധാത്മാവ് ഒരു ശക്തിയല്ല, വ്യക്തിയാണ്. ആളത്തമാണ്. Not a power but a Person അതെ, ശക്തീകരിക്കുന്ന വ്യക്തിയാണ്. ത്രിത്വോപദേശം സംയുക്തികമല്ല എന്നു ചിന്തിക്കുന്നവർ കണ്ടേക്കാം. ത്രികാലാനുഭവത്തിൽ അത് മനസ്സിലാക്കാവുന്നതാണ്. യൂഹാനോൻ മാർ ത്തോമ്മാ നല്കിയിരിക്കുന്ന വിശദീകരണം ശ്രദ്ധേയമാണ്. എന്നെ സൃഷ്ടിച്ച ദൈവം; അതേ ദൈവം തന്നെയാണ് എന്നെ വീണ്ടെടുത്ത ദൈവം; അതേ ദൈവം തന്നെയാണ് ഇന്നെന്റെ പരിപാലകനും. സ്രഷ്ടാവ്, വീണ്ടെടുപ്പുകാരൻ, പരിപാലകൻ– ഒരേ ആളത്തം; ത്രികാലാനുഭവങ്ങളിൽ പരിശുദ്ധാത്മാവ് വർത്തമാനകാല ദൈവമാണ്.

യേശുവിൽ സമാരംഭിച്ച ദൈവരാജ്യ പ്രവർത്തനം ശിഷ്യന്മാർ തുടരണം. അതായിരുന്നു അവരെക്കുറിച്ചുള്ള ദൈവോദ്ദേശ്യം. സാധാരണക്കാരായ ശിഷ്യന്മാർക്ക് സ്വയം നിറവേറ്റുവാൻ കഴിയുന്നതല്ലായിരുന്നു അത്. പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ... നിങ്ങൾ സാക്ഷികളാകും എന്ന വാഗ്ദാനം ഉയിർത്തെഴുന്നേറ്റ കർത്താവ് അവർക്ക് നൽകി (അ. പ്ര. 1:8), 'സാക്ഷികളാകും' എന്നത് നിയോഗമല്ല, വാഗ്ദാനമാണ്. ആ വാഗ്ദാന നിവൃത്തിയാണ് പെന്തകുസ്തിൽ സംഭവിച്ചത്. ദൈവരാജ്യപ്രവർത്തനത്തിന്, 'ക്രിസ്തുസംഭവ'ത്തിന് സാക്ഷികളാകുന്നതിന് ക്രിസ്തു ശിഷ്യരെ, എക്കാലത്തും ശക്തീകരിക്കുന്നത് പരിശുദ്ധാത്മാവാണ്.

ഇന്നും വിവാദങ്ങൾ കെട്ടടങ്ങിയിട്ടില്ലാത്ത വിഷയമാണ് അന്യഭാഷ. പ്രായപൂർത്തിയായ എല്ലാ പുരുഷപ്രജയും പെന്തകോസ്തു പെരുന്നാളിൽ യെരുശലേമിൽ ഒത്തുചേരണമെന്നാണ് ന്യായപ്രമാണ വ്യവസ്ഥ. അ. പ്ര. കളിൽ ലഭിച്ചിരിക്കുന്ന വിവരണത്തിൽ പതിനഞ്ചു പ്രദേശങ്ങളിൽ നിന്നുള്ളവർ പെരുന്നാളിനു കൂടിയിരുന്നു. (അ. പ്ര. 2:9–4). സംസാരിച്ചവർ ലഹരിപിടിച്ചവരായിരിക്കണമെന്നു ചിലരെങ്കിലും കരുതിയിരിക്കാം എന്നു, അല്ല, എന്നു വി. പൗലൊസ് പറഞ്ഞിരിക്കുന്നതിൽ നിന്നു അനുമാനിക്കും. അവ്യക്തതയല്ല, വ്യക്തതയാണ് പരിശുദ്ധാത്മാവിന്റെ ഫലം. അവ്യക്ത ഭാഷണം പരിശുദ്ധാത്മാവിന്റെ ശൈലിയുമല്ല. അപ്പൊസ്തലന്മാർ പറഞ്ഞത് ഓരോരുത്തൻ താന്താന്റെ ഭാഷയിൽ കേട്ടു. വി.വേദപുസ്തകത്തിന്റെ പി.ഒ.സി. (Pastrol Orientation Centre) പരിഭാഷയിൽ 'താന്താന്റെ മാതൃഭാഷ'യിൽ കേട്ടു എന്നാണ്. അതായത്, കേൾക്കുന്നവർക്ക് സുഗ്രാഹ്യമാണ് അന്യഭാഷ. വിഷയം എന്തായിരുന്നാലും കേൾക്കുന്നവർക്ക് മനസ്സിലാകത്തക്കവിധം ലളിതമായി അവതരിപ്പിക്കുന്നതിനുള്ള കഴിവ് പരിശുദ്ധാത്മദാനമാണ്. സംശയമില്ല. കേൾവിക്കാർക്ക് മനസ്സിലാകാത്തവിധം തലയ്ക്കുമീതെ പോകും വിധം വിഷായവതരണം നടത്തുന്നത് പാണ്ഡിത്യ ലക്ഷണമായി കണക്കാക്കുന്നവരുണ്ട്. അല്ല, കേൾവിക്കാര

*“മനുഷ്യൻ ചന്ദ്രനിൽ പോയത് അത്ഭുതം; എന്നാൽ സ്വർഗ്ഗോന്നതികളിൽ വസിക്കുന്ന ദൈവം ഭൂമിയിൽ മനുഷ്യനായി ജഡമെടുത്തത് അത്ഭുതങ്ങളിൽ അത്ഭുതം”*

ന്റെ നിലവാരത്തിൽ ഹൃദ്യമായി ആശയം സംവേദനം നടത്തുവാനുള്ള കഴിവാണ് പാണ്ഡിത്യം. വേദപണ്ഡിതനായ ജോൺ സ്റ്റോട്ട് അന്യഭാഷയെ നിർവ്വചിച്ചിരിക്കുന്നത് ഇപ്രകാരമാണ് “The supernatural ability to speak in recognizable language”മനസ്സിലാകും വിധം പറയുവാനുള്ള അസാധാരണ കഴിവാണത്.

പെന്തകോസ്തുനാളിൽ ശിഷ്യൻമാർ ആത്മനിറവിൽ സംസാരിച്ചത് ദൈവത്തിന്റെ ‘വൻകാര്യങ്ങളെ’ കുറിച്ചാണ്. ചന്ദ്രനിൽ ഇറങ്ങിയ ആദ്യത്തെ അമേരിക്കൻ ബഹിരാകാശ യാത്രികനായിരുന്നു ജെയിംസ് ഇർവിൻ. ചന്ദ്രനിൽ നിന്നുകൊണ്ടുവന്ന കല്ലുയർത്തി കാണിച്ച് മാരാമൺ മഹായോഗത്തിലദ്ദേഹം പറഞ്ഞു: “മനുഷ്യൻ ചന്ദ്രനിൽ പോയത് അത്ഭുതം; എന്നാൽ സ്വർഗ്ഗോന്നതികളിൽ വസിക്കുന്ന ദൈവം ഭൂമിയിൽ മനുഷ്യനായി ജഡമെടുത്തത് അത്ഭുതങ്ങളിൽ അത്ഭുതം” ദൈവം മനുഷ്യനായി-ഇതിൽപരം ‘വൻകാര്യം’മെന്താണ്. അപ്പോസ്തോലന്മാരുടെ കേന്ദ്ര ദൂതും അതായിരുന്നു. ദൈവം മനുഷ്യനായി ജഡമെടുത്തതെന്തിന്? ‘അവനെ കൈകൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്നേവർക്കും ദൈവ മക്കളാകുവാനധികാരം കൊടുത്തു’ (യോഹ.1: 12). ദൂത് അനുഭവരസത്തോടെ കേൾവിക്കാർക്ക് മനസ്സിലാകുവിധം പ്രഘോഷിക്കുവാൻ പരിശുദ്ധാത്മാവ് പ്രാപ്തരാക്കും. ദൂതിന്റെ ആധികാരികതയും ദൂതുവാഹകന്റെ വിശ്വസ്തതയും പരസ്പരം ബന്ധപ്പെട്ടതാണ്. സാധാരണക്കാരായ ക്രിസ്തുശിഷ്യരെ പരിശുദ്ധാത്മാവ് ‘അന്യഭാഷ’യിലൂടെ ദൈവത്തിന്റെ വൻകാര്യങ്ങൾ ഉത്ഘോഷിക്കുവാൻ പ്രാപ്തരാക്കിയ സംഭവമാണ് ‘പെന്തകോസ്തു സംഭവം’.

The power of the spirit was such that it had given these simple disciples a message and an utterance that they could reach every heart- പരിശുദ്ധാത്മാവ് ക്രിസ്തുശിഷ്യർക്ക് ഒരു ദൂതും കേൾവിക്കാരുടെ ഹൃദയത്തിൽ പതിയുംവിധം അത് ഉത്ഘോഷിക്കുവാൻ ശക്തിയും നല്കി. നല്കപ്പെട്ട പരിശുദ്ധാത്മാവിനാൽ നിറയപ്പെടണം... എങ്കിൽ മാത്രമേ, പരിശുദ്ധാത്മാവിനു നമ്മെ ശക്തീകരിക്കുവാനും ഉപയോഗിക്കുവാനും സാധിക്കൂ. സമ്പൂർണ്ണ സമർപ്പണമാണ് നിറവിന്റെ വിവക്ഷ. ഒരു പ്രാർത്ഥനാവാചകം കുറിച്ച്, ഈ കുറിപ്പ് അവസാനിപ്പിക്കട്ടെ. O, Lord the Holy spirit, break me, melt me, mould me and use me- പരിശുദ്ധാത്മാവാം ദൈവമേ, അങ്ങ് എന്നെ നുറുക്കണമെ, ഉരുക്കണമെ, തിരുഹിതംപോലെ രൂപപ്പെടുത്തണമെ, ഉപയോഗിക്കേണമെ.



# അർത്ഥവത്തായ യുവത്വം

ഡോ. അലക്സാണ്ടർ ജേക്കബ് IPS

വേദപുസ്തകം ആകമാനം പരിശോധിച്ചാൽ കാണുന്ന കഥാപാത്രങ്ങളൊക്കെ യൗവനത്തിന്റെ സാധ്യതകൾ ആവോളം പ്രയോജനപ്പെടുത്തിയവരാണ്. ഭാരതത്തിലെ പുരാണേതിഹാസങ്ങളും ആഹ്വാനം ചെയ്യുന്നത് യൗവ്വനം സഫലമാക്കാനാണ്. ഈ ശ്രമങ്ങൾക്കിടയിൽ എടുത്തുപറയേണ്ട ചില കാര്യങ്ങളുണ്ട്.

**1. യൗവനം ഒരവസരമാണ്.**

യൗവനം ഒരിക്കലായി ലഭിക്കുന്ന അവസരമാണ്. അത് എങ്ങനെ ചെലവഴിക്കുന്നു എന്നത് വളരെ പ്രധാനമാണ്. യൗവനകാലം ശ്രദ്ധയില്ലാതെ ചെലവഴിച്ചാൽ, ഇക്കാലത്തെ ചില തെറ്റുകൾ ജീവിതകാലം മുഴുവൻ വേട്ടയാടിയെന്നുവരാം. ദിനംപ്രതി ലക്ഷങ്ങളാണ് ഭ്രൂണഹത്യക്ക് വിധേയരാകുന്നതെന്നു പഠനങ്ങൾ തെളിയിക്കുന്നു. കേരളം പോലും ദിനംപ്രതി അതിൽ മുന്നേറുകയാണ്. ഈ വലിയ വെല്ലുവിളിയുടെ നടുവിലും ഈ ഭൂമിയിൽ ജനിക്കാനായി എന്നത് വലിയ ഭാഗ്യമാണ്. അത് വലിയൊരു കാര്യമാണെന്നു തിരിച്ചറിയണം. നമ്മുടെ ആയുസ്സ് ദൈവത്തിന്റെ ദാനമാണ്. എന്നാൽ അതുകൊണ്ട് ദൈവത്തിന് എന്തുപകരം ചെയ്യുമെന്ന് ആലോചിക്കേണ്ടതാണ്. ലഭിച്ച നന്മകൾക്കെന്തു നാം പകരം നൽകും?

**2. യൗവനം ഉത്തരവാദിത്വത്തിന്റെ കാലഘട്ടമാണ്**

നമുക്ക് ഓരോരുത്തർക്കും ദൈവം വൈവിധ്യമാർന്ന ഉത്തരവാദിത്തങ്ങൾ നൽകിയിരിക്കുന്നു. നമ്മുടെ വളർച്ചയിൽ പങ്കാളികളായ മാതാപിതാക്കൾ, ഗുരുക്കന്മാർ, ആകമാന സമൂഹം എന്നിങ്ങനെ നാം കടപ്പെട്ടിരിക്കുന്നവർ ഏറെയാണ്. അവരോടുള്ള ഉത്തരവാദിത്തം പൂർത്തീകരിക്കാൻ നാം ശ്രദ്ധിക്കേണ്ടതാണ്. നാം ഏതു വഴിയിലൂടെ മുന്നേറുന്നുവോ അതിലൂടെ നാം തിരിച്ചുവന്നേ മതിയാകൂ. മനുഷ്യൻ നാലുകാലിൽ തുടങ്ങി രണ്ടു കാലിൽ ജീവിച്ച് മൂന്നു കാലുള്ളവനായി മരിക്കേണ്ടിവരുന്നു എന്ന് പറയാറുണ്ട്. ഇഴഞ്ഞുനടക്കുന്ന ശൈശവവും നിവർന്ന് നടക്കുന്ന യൗവ്വനവും ഊന്നുവടിയിലേക്ക് എത്തുന്ന വാർദ്ധക്യവുമാണ് അതിൽ സൂചിപ്പിക്കുന്നത്.

മൃഗങ്ങളിൽ നിന്നും മനുഷ്യനേറെ വ്യത്യസ്തനായിരിക്കുന്നു. മൃഗങ്ങൾ ജനിച്ചുവീണ് അല്പം കഴിയുമ്പോൾ എഴുന്നേറ്റ് അമ്മയുടെ അരികിലേക്ക് ചെല്ലാനുള്ള ശക്തിലഭിക്കും. എന്നാൽ മനുഷ്യന്മാരുടെ നല്ലൊരുകാലം മറ്റുള്ളവരുടെ സംരക്ഷണയിൽ കഴിയേണ്ടിവരുന്നു. ഇതേക്രമത്തിൽ തന്നെ പിൻവാങ്ങുകയും ചെയ്യുന്നു. ഇതിനിടയിലാണ് ജീവിതത്തിന്റെ സജീവതയുടെ കാലം നിലിനിൽക്കുന്നത്. ഇത് കടപ്പാടുകൾ നിറവേറ്റുവാനുള്ള കാലമാണ്.

**3. സ്വത്വബോധമുള്ളവരാകേണ്ട കാലം.**

അറിവില്ലായ്മയുടെ കാലത്തുനിന്നും മനുഷ്യൻ വളർന്നുകൊണ്ടിരിക്കുന്നു. ഈ ഘട്ടത്തിൽ 5 ഗുരുക്കന്മാരാണുള്ളത്; അമ്മ, അച്ഛൻ, അദ്ധ്യാപകൻ, പുരോഹിതൻ, ജീവിത പങ്കാളി. ഇവരിലൂടെ കാലാകാലങ്ങളിൽ ലഭിക്കുന്ന അറിവുകളാണ് നമ്മെ സമൂഹത്തിൽ ജീവിക്കാനും നിലനിൽക്കാനും വളരാനും ഇടപെടാനും പ്രാപ്തരാക്കുന്നത്. അവരിൽ നിന്നും അവരിലൂടെയും അറിവിന്റെ മഹദ്പാഠങ്ങൾ പഠിച്ച് നാം അറിവുള്ളവരായി മാറുന്നു. ഈ അറിവിന്റെ പാതയിൽ നാം ഉത്തരം കണ്ടത്തേണ്ട ചോദ്യമാണ്-ഞാൻ ആര്? എന്നത്. ഓരോ മനുഷ്യനും താൻ ആരാണെന്നു തിരിച്ചറിയുകയും അതിനനുസരിച്ച് ജീവിക്കുകയും ചെയ്യണം. ലക്ഷ്യം തെറ്റാതിരിക്കുന്നതിന് ശരിയായ ദർശനമുണ്ടാകണം. തന്റെ ആയുസ്സുകൊണ്ട് എന്തുപ്രയോജനം? ലക്ഷ്യം എന്ത്? എന്നത് അറിയണം. അങ്ങനെ സ്വത്വബോധമുണ്ടാകണം. സ്വത്വബോധം നഷ്ടപ്പെട്ടാൽ നിലനിൽപ്പ് അസാധ്യമാകും. ഇന്നത്തെ യൗവ്വനക്കാർക്ക് വന്നുപോയ അപചയം ഈ സ്വത്വബോധം നഷ്ടമായിപ്പോയിരിക്കുന്നുവെന്നതാണ്. എന്റെ അപ്പന്റെ അമ്മ മാർത്തോമ്മാക്കാരിയായിരുന്നു അപ്പൻ ഓർത്തഡോക്സുകാരനും. 96-ാം വയസ്സിൽ അമ്മച്ചി മരിക്കാറായപ്പോൾ അമ്മച്ചിക്ക് എന്തെങ്കിലും ആഗ്രഹമുണ്ടോ എന്ന് ചോദിച്ചു. അമ്മച്ചിയുടെ മറുപടി "എന്നെ മാർത്തോമ്മാ പള്ളിയിൽകൊണ്ട് അടക്കണം" എന്നതായിരുന്നു. 17-ാം വയസ്സിൽ ഓർത്തഡോക്സ് സഭയിലേക്ക് വിവാഹം കഴിച്ചുവന്നയാളാണ്. 40 വർഷം ഓർത്തഡോക്സ് സഭയിലെ പുരോഹിത

നായിരുന്നു അപ്പച്ചൻ. അവിടെ നിന്നും മലങ്കര കത്തോലിക്കാ സഭയിലേക്ക് അദ്ദേഹം പോയി. ആ യാത്രയിലാണ് അമ്മച്ചി 96-ാം വയസ്സിൽ എത്തിയിരിക്കുന്നത്. ഈ അവസ്ഥയിലാണ് അമ്മച്ചി 17-ാം വയസ്സിൽ ലഭിച്ച മാർത്തോമ്മാ വിശ്വാസത്തോടുള്ള കൂറ് പ്രകടിപ്പിക്കുന്നത്. ഇതാണ് സ്വത്വബോധം. 17-ാം വയസ്സിൽ ലഭിച്ച സ്വത്വബോധം 96-ാം വയസിലും നിലനിർത്തുന്നു എന്നത് ഒരതിശയമാണ്. ഇതാണ് നമുക്കുണ്ടാകേണ്ട വലിയ ഗുണങ്ങളിൽ ഒന്ന്.

**4. വിശ്വാസ പ്രക്രിയ എന്തെന്നു പഠിക്കേണ്ടുന്ന കാലം.**

മിസ്രയിമിലെ അടിമത്വത്തിൽ നിന്നും യിസ്രയേൽ ജനതയെ വിടുവിക്കുന്ന മോശെയോട് മിദ്യാനിലെ പുരോഹിതനായ യിത്രോ ഉപദേശിക്കുന്നത്, ഈ ജനത ഒരു രാഷ്ട്രമാകണമെങ്കിൽ 4 കാര്യങ്ങൾ ഉണ്ടാകണം.

1. അവരുടെ ചരിത്രം അവർ മനസ്സിലാക്കിയിരിക്കണം.
2. യഹോവയുടെ ചരിത്രം അവർ മനസ്സിലാക്കിയിരിക്കണം.
3. നിയമങ്ങൾ ഉണ്ടാകണം.
4. അവരുടെ ശക്തി അവർക്ക് തിരിച്ചറിയാനാകണം.

വേദപുസ്തകത്തിലെ ആദ്യത്തെ 4 ഗ്രന്ഥങ്ങൾ മോശെ എഴുതി എന്നു കരുതുന്നത് ഈ കാര്യങ്ങൾ അവരെ പഠിപ്പിക്കാനാണ്. ഉല്പത്തി പുസ്തകം അവരുടെ ചരിത്രം പഠിപ്പിക്കുന്നു. ബാഗ്ദാദിനടുത്ത് ഏദനിൽ നിന്നും ആരംഭിക്കുന്ന ചരിത്രം, തുടർയാത്രകളുടെ വിശാലമായ ചരിത്രം ഉൾക്കൊള്ളുന്നുണ്ട്.

ഫറവോന്റെ കൈയിൽ നിന്നും ജനതയെ ദൈവത്തിന്റെ കരങ്ങൾ എങ്ങനെ വിടുവിച്ചു എന്നാണ് പുറപ്പാട് പുസ്തകം പഠിപ്പിക്കുന്നത്. ഒരു സമൂഹം നിലനിൽക്കുന്നതിനാവശ്യമായ നിയമങ്ങളെയാണ് ലേവ്യ പുസ്തകം പഠിക്കുന്നത്. സംഖ്യാപുസ്തകം അവരുടെ ശക്തിവെളിപ്പെടുത്തുന്നു. അവിടെ ഒരു കണക്കെടുപ്പുണ്ട്. ഇത് ക്രമപ്പെടുത്തിയശേഷം അവ ക്രമീകൃതമായി പഠിപ്പിക്കാൻ സഹായകരമായ വിധത്തിൽ ഗോത്രവിഭജനം നടത്തുന്നു. ഈ ക്രമീകരണങ്ങളിലൂടെയാണ് യിസ്രയേൽ ഒരു വലിയ ജനതയായി വളർന്നത്. ഇങ്ങനെ വളർന്നുകഴിഞ്ഞ സമൂഹം ശലോമോന്റെ കാലത്ത് ഒരു ദൈവാലയം പണിയുകയും അതിനനുബന്ധമായ ഒരു സാമൂഹ്യ സംവിധാനം രൂപപ്പെടുകയും ചെയ്തു. പിന്നീട് ബാബിലോൺ പ്രവാസത്തിലേക്കുപോയ ജനം മടങ്ങിവന്നപ്പോൾ അവരെ ക്രമീകരിക്കാനുതകുന്ന സുവ്യക്തമായ ഒരു പഠന വ്യവസ്ഥിതി രൂപകല്പന ചെയ്തുകൊടുക്കുന്നുണ്ട് എസ്രാ പുരോഹിതൻ. അത് 500 വർഷക്കാലം നിലനിന്നശേഷമാണ് യേശുക്രിസ്തുവിന്റെ കാലം തുടങ്ങുന്നത്.

400 വർഷക്കാലം പ്രവാചകന്മാരുടെ സാന്നിധ്യം ഇല്ലാതെ ഇരുന്നിട്ടും പുതുശക്തിയോടെ സ്നാപക യോഹന്നാൻ എഴുന്നേൽക്കുന്നത്. ഈ പഠന സംവിധാനത്തിന്റേയും സാമൂഹ്യ സംവിധാനത്തിന്റെയും ശക്തികൊണ്ടും കൂടെയാണ്. അത്രയ്ക്ക് സുശ

ക്തമായ സാമൂഹ്യ വ്യവസ്ഥിതിയാണ് അവർക്കുണ്ടായിരുന്നത്. അവരവരുടെ വിശ്വാസം അവരവർ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തില്ലെങ്കിൽ ആ സമൂഹത്തിനു നിലനിൽപ്പില്ലാതെ പോകും എന്നത് യാഥാർത്ഥ്യമാണ്.

എസ്.എസ്.എൽ.സി. പരീക്ഷയുടെ തലേന്നും സൺഡേസ്കൂൾ പഠനം നിർബന്ധമാക്കിയ ഒരു പിതാവ് പഠിപ്പിക്കുന്നത്. 'അതുകഴിഞ്ഞ് ലഭിക്കുന്ന മാർക്കുമതി നിന്റെ ജീവിതത്തിനെന്നാണ്.' എന്നാൽ സൺഡേസ്കൂൾ ഒഴിവാക്കി പഠനം നടത്തിയവരേക്കാൾ ഏറെ മുന്നിലെത്തിയിരിക്കുന്ന ആ കുട്ടി ദൈവകൃപയുടെ ഒരടയാളമാണ്. ഇത്തരം മാതൃകാരപമായ മുന്നേറ്റത്തിന് പ്രേരിപ്പിക്കുന്ന ശക്തരായ മാതാപിതാക്കൾ ഇവിടെയുണ്ടാകണം. അതിനുപകരം പള്ളിയും ക്രമങ്ങളും ഒഴിവാക്കി പഠനത്തിനു മുൻഗണന നൽകുന്ന ഒരു തലമുറ വളർന്നുവന്നാൽ അത് ഗുണകരമാവില്ല. ആ വിശ്വാസ പാരമ്പര്യം ഉൾക്കൊള്ളാതെ വളരുന്ന യുവത്വം ശൈഥില്യമുള്ള യുവത്വമായി മാറും. അതുകൊണ്ടുതന്നെ വിശ്വാസത്തിൽ ഉറപ്പുള്ളൊരു യുവത്വം സഭയുടേയും അവരവരുടേയും ആവശ്യമായിരിക്കുന്നു. ആ വിശ്വാസം ഉറപ്പുള്ളതാകണമെങ്കിൽ അത് ശക്തിയോടെ പറഞ്ഞുകൊടുക്കാൻ കഴിയുന്ന മാതാപിതാക്കളും സൺഡേസ്കൂൾ അദ്ധ്യാപകരുമുണ്ടാകണം. സ്വാഭാവികമായി കുട്ടികളിൽ ഉയരുന്ന സംശയങ്ങൾക്ക് വേദപുസ്തകാടിസ്ഥാനത്തിൽ ശാസ്ത്രബോധമുൾക്കൊണ്ട് മറുപടി നൽകാൻ അദ്ധ്യാപകർക്കാകണം, മാതാപിതാക്കൾക്കുമാകണം. വേദപുസ്തകം കൃത്യമായി വ്യാഖ്യാനിച്ച്, വിശ്വാസം വളർത്താനാകണം. എങ്കിൽ മാത്രമെ, അപ്രകാരമുള്ള യുവത്വം രൂപപ്പെടുകയുള്ളൂ.

## രണ്ടാം മാർത്തോമ്മാ 1670–1686

ഒന്നാം മാർത്തോമ്മായുടെ സഹോദരനായിരുന്നു രണ്ടാം മാർത്തോമ്മാ എന്നാണ് പാരമ്പര്യം. മാർ ഗ്രീഗോറിയോസ് അബ്ദുൾ ജലീൽ അദ്ദേഹത്തെ വാഴിച്ചു. 1678–ൽ മാർ അന്ത്രയോസ്, 1664–ൽ യൽദോ മാർ ബസ്സേലിയോസ് ഹിദായുത്തുള്ള മാർ ഈവാനിയോസ് എന്നീ മെത്രാന്മാർ സിറിയായിൽ നിന്നുവന്നു. നാട്ടിലെത്തിയതിന്റെ പതിമൂന്നാം ദിവസം ദിവംഗതനായ മാർ ബസേലിയോസിന്റെ നാമത്തിലുള്ള പെരുന്നാൾ കോതമംഗലത്തും, മാരാമണ്ണും (മുത്തപ്പൻ) ആരംഭിച്ചു. 1692–ൽ കല്ലടയാറ്റിൽ മുങ്ങിമരിച്ച മാർ അന്ത്രയോസിന്റെ പേരിലാണ് കല്ലട മുത്തപ്പന്റെ പെരുന്നാൾ. 1686 ഏപ്രിൽ 14 ന് ഇടിവെട്ടേറ്റ് മാർത്തോമ്മാ രണ്ടാമൻ അകാല ചരമം അടഞ്ഞു. അദ്ദേഹത്തെ നിരണം പള്ളിയിൽ സംസ്കരിച്ചു.



# പിടവൂർ ആശാഭവൻ സ്നേഹത്തിൻ നിദർശനം

റവ. ജയിംസ് തോമസ്

## ആമുഖം

യേശുക്രിസ്തുവിലൂടെ ഈ ലോകത്തിൽ ആരംഭിച്ച ദൗത്യം പിന്തുടരുന്നത് സഭയാണ്. സമസ്തജനതയേയും തുല്യരായി കാണുകയും സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന ദൈവത്തിന്റെ കാരുണ്യം സഭയിലൂടെ പ്രവർത്തിച്ചതിന്റെ നിദർശനമാണ് പിടവൂർ ആശാഭവൻ. അപൂർണ്ണ അവസ്ഥയിൽ ആയിരിക്കുവാനല്ല, പകരം പൂർണ്ണതയിലേക്കുള്ള അന്വേഷണത്തിന് ഏവരേയും പ്രാപ്തിപ്പെടുത്തുകയാണ് സഭയുടെ ദൗത്യം. ആ ദൗത്യം ഉൾക്കൊണ്ട് ശാരീരികവൈകല്യമുള്ള കുഞ്ഞുങ്ങളുടെ വ്യക്തിത്വവികസനം ലക്ഷ്യമാക്കി അന്താരാഷ്ട്ര വികലാംഗവർഷമായ 1981-ൽ പത്തനാപുരം സെന്റർ കൺവൻഷനോടനുബന്ധിച്ച് തുടക്കംകുറിച്ച മാർത്തോമ്മാ കെയർ സെന്റർ 1984-ൽ പിടവൂരിൽ സ്ഥാപിച്ചു. തുടർന്ന് 1990-ൽ ശാരീരിക വെല്ലുവിളികളുള്ള കുഞ്ഞുങ്ങളുടെ സമഗ്രവളർച്ച ലക്ഷ്യമാക്കി പുതിയ രൂപവും ഭാവവും ഉൾക്കൊണ്ടു. അതാണ് ഇന്നത്തെ ആശാഭവൻ.

## ഉദ്ദേശ്യവും ലക്ഷ്യവും

പാരമ്പര്യമായും, പോളിയോ, സെറിബ്രൽ പൾസി തുടങ്ങിയ രോഗങ്ങളാലും ശാരീരിക വൈകല്യങ്ങൾ ഉണ്ടാകാം. എന്നാൽ ഈ പരിമിതികളിൽ സഹതപിക്കുകയല്ല മറിച്ച് അതിനെ അംഗീകരിച്ച് അതിജീവിക്കാനും, വ്യത്യസ്ഥമായ കഴിവുകളെ കണ്ടെത്തി വികസിപ്പിക്കുവാനും, പ്രാപ്തരാക്കുവാനും അടിസ്ഥാനപരമായ വിദ്യാഭ്യാസമെങ്കിലും നൽകി അവരെ കർമ്മോത്സുകരാക്കുക എന്നതിനാണ് ആശാഭവൻ ശ്രമിക്കുന്നത്. കുട്ടികൾക്ക് സൗജന്യതാമസം, ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യപരിപാലനം,

ആത്മീക പരിപോഷണം എന്നിവ ആശാഭവൻ പ്രവർത്തനങ്ങളിലൂടെ നൽകിവരുന്നു.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും പരിമിതികളും ബലഹീനതകളും മൂലം ബഹിഷ്ക്കരിക്കപ്പെട്ടവരിലെ സാദ്ധ്യതകളെ കണ്ടെത്തി പ്രോത്സാഹനവും കൈത്താങ്ങലും നൽകുക എന്നത് ക്രിസ്തീയ ധർമ്മവും കാര്യവിചാരകത്വ ബോധവുമാണ്. അതുകൊണ്ട് സാമൂഹിക ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നതാണ് സംഗതമായ ക്രിസ്തീയ സാക്ഷ്യം. അംഗവൈകല്യം ബാധിച്ചവർ വികലാംഗർ (disabled) അല്ല. അവർ വ്യത്യസ്ത കഴിവുകൾക്ക് ഉടമകളാണ് (defferently abled) ഈ കഴിവുകൾക്ക് ഊർജ്ജം പകരുവാൻ നമ്മുടെ പ്രാർത്ഥനയും, സ്നേഹവും, കരുതലും അത്യാവശ്യമാണ്. ഈ ദൗത്യത്തിൽ നമുക്കും പങ്കാളികളാകാം.

## ആശാഭവൻ പ്രവർത്തനങ്ങൾ

* മലങ്കര മാർത്തോമ്മാ സഭയുടെ അടൂർ ഭദ്രാസനാധിപൻ റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനി അദ്ധ്യക്ഷനായുള്ള കമ്മറ്റി, പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു.
* ജാതിമതഭേദമെന്യേ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നുള്ള 5 മുതൽ 18 വയസ്സുവരെ പ്രായമുള്ള കുട്ടികളെ പ്രവേശിപ്പിച്ച് പഠിപ്പിക്കുന്നു. വിവിധ പ്രായത്തിലുള്ള 54 കുട്ടികൾ ഇപ്പോൾ താമസിച്ച് പഠിക്കുന്നു.
* ഭക്ഷണം, താമസം, പഠനം, ചികിത്സ തുടങ്ങിയ കുട്ടികൾക്ക് സൗജന്യമായി നൽകുന്നു.
* ഒരു ഫിസിയോ തെറാപ്പി ഡിപ്പാർട്ടുമെന്റും, തയ്യൽ, കമ്പ്യൂട്ടർ എന്നിവ ഉൾപ്പെടെ ഒരു തൊഴിൽ പരിശീലന കേന്ദ്രവും ഇവിടെയുണ്ട്.
* മാനസിക, കായിക ഉല്ലാസത്തിന് പാർക്കും, കളിക്കളങ്ങളും ക്രമീകരിച്ചിരിക്കുന്നു. കൂടാതെ ഓരോ വർഷവും വിനോദയാത്രകളും ക്രമീകരിക്കുന്നുണ്ട്.
* സ്വാതന്ത്ര്യദിനം, ഓണം, ക്രിസ്മസ്, റിപ്പബ്ലിക്ദിനം എന്നീ വിശേഷ ദിവസങ്ങൾ ആശാഭവൻ കുടുംബമായി ആഘോഷിക്കുന്നു.

## നിങ്ങൾക്ക് എങ്ങനെ സഹായിക്കാം

* ശാരീരിക പരിമിതികളുള്ളവർക്കും സുമനസ്സുകൾക്കും ഈ സ്ഥാപനത്തെ പരിചയപ്പെടുത്തുക.
* ജന്മദിനം, വിവാഹ വാർഷികം തുടങ്ങിയ വിശേഷദിവസങ്ങൾ ഈ സ്ഥാപനത്തിലെ കുട്ടികളോടൊപ്പം ആഘോഷിക്കുക.
* കുട്ടികളെ സ്പോൺസർ ചെയ്യുകയും, അവരുടെ ഇതര ആവശ്യങ്ങളിൽ പങ്കാളികളാകുന്നതിലൂടെയും ഈ സ്ഥാപനത്തെ സഹായിക്കുവാൻസാധിക്കും.
* നല്ല ഓർമ്മകൾ നിലനിർത്തുവാൻ എൻഡോവ്മെന്റുകൾ ഏർപ്പെടുത്തുക.
* ആധുനിക ചികിത്സയിലുടെ ശാരീരിക പരിമിതികളെ മെച്ചപ്പെടുത്തുവാൻ സഹായിക്കുക.

* ഒരു സ്പീച്ച് തെറാപ്പി യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി സഹായം ചെയ്യുക.
* സ്ഥാപനം സന്ദർശിക്കുകയും, പ്രാർത്ഥിക്കുകയും വോളന്റിയറായി സേവനം അനുഷ്ഠിക്കുകയും ചെയ്യുക.

ആശാഭവൻ പോലെയുള്ള സ്ഥാപനങ്ങളിലൂടെ നിർവഹിക്കപ്പെടുന്ന പ്രവർത്തനങ്ങൾ സുവിശേഷവേലയുടെ ഭാഗമായി കാണുകയും ഇതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക യെന്നുള്ളത് നമ്മുടെ ദൗത്യനിർവ്വഹണത്തിന്റെ ഭാഗമായി കണ്ടുകൊണ്ട് ദൈവരാജ്യ നിർമ്മിതിയിൽ നമുക്കും പങ്കാളികളാകാം.

# കുരങ്ങിന്റെ ചിത്രവും അടിക്കുറിപ്പും

ഐറിഷ് രാജാക്കന്മാരുടെ ഔദ്യോഗിക ചിഹ്നം കുരങ്ങിന്റെ ചിത്രവും I will not forget what he did for me - അവൻ എനിക്കു ചെയ്തത് ഞാൻ മറക്കുകയില്ലാ, എന്ന അടിക്കുറിപ്പുമാണ്. ഇത് സ്വീകരിപ്പാൻ രാജകൊട്ടാരവുമായി ബന്ധപ്പെട്ട് ഒരു സംഭവം ഇപ്രകാരമുണ്ട്.

നല്ല കൊടിയ വേനൽക്കാലത്തു രാജാവും പരിവാരങ്ങളും സുഖവാസ കേന്ദ്രത്തിൽ താമസം മാറ്റി. അന്നുകൂടെ കൊണ്ടുപോകാൻ പ്രയാസമുള്ള സുഖമില്ലാത്തൊരു കുഞ്ഞ് ഉണ്ടായിരുന്നു. കൊട്ടാരത്തിൽ അവനെ സംരക്ഷിക്കുവാൻ മതിയായ എല്ലാ ക്രമീകരണങ്ങളും ചെയ്തിട്ടാണ് രാജാവും പരിവാരവും പോയത്. ചില ദിവസങ്ങൾ കഴിഞ്ഞ് അപ്രതീക്ഷിതമായി കൊട്ടാരത്തിൽ അഗ്നിബാധയുണ്ടായി. വിലപിടിപ്പുള്ള സാധനങ്ങളും മറ്റും പുറത്തെടുത്തു രക്ഷിക്കുവാൻ കൊട്ടാരം ജീവനക്കാർ ബദ്ധപ്പെട്ടു. രോഗിയായ കുഞ്ഞിന്റെ കാര്യം ആരും അത്ര ശ്രദ്ധിച്ചില്ല; ഓർത്തില്ല, രാജാവു ഓമനിച്ചു വളർത്തുന്ന ഒരു കുരങ്ങ് കൊട്ടാരത്തിലുണ്ടായിരുന്നു. തീ ആളിക്കത്തുന്നതുകണ്ട് പരിഭ്രാന്തനായി അത് മരിച്ചില്ലയിൽ അങ്ങോട്ടുമിങ്ങോട്ടും ചാടുകയാണ്. കുഞ്ഞിനെ പുറത്തെങ്ങും കാണുന്നില്ല. കുരങ്ങ് അധികം ആലോചിച്ചില്ല. തീ പടർന്നു കത്തുന്ന കൊട്ടാരത്തിനുള്ളിൽ ചെന്ന് തുണിയോട് ചേർത്ത് കടിച്ചുപിടിച്ച് കുഞ്ഞിനെ പുറത്തെടുത്തു രക്ഷപ്പെടുത്തി.

കൊട്ടാരത്തിലെ അഗ്നിബാധയറിഞ്ഞ് രാജാവും പരിവാരവും മടങ്ങിയെത്തി. സംഭവമെല്ലാം നേരിൽകണ്ടു മനസ്സിലാക്കി. ജീവൻപോലും പരിഗണിക്കാതെ തീകുണ്ഡത്തിൽ ചാടി കുഞ്ഞിനെ രക്ഷിച്ച കുരങ്ങിനെ അരികെ വിളിച്ചു. അതിന്റെദേഹത്തു തീവീണു പൊള്ളിയ ഭാഗങ്ങൾ അപ്പോഴേക്കും അഴുകി തുടങ്ങിയിരുന്നു. രാജാവ് അതിന്റെ പുറത്ത് തലോടിപറഞ്ഞു: I will not forget what you did for me-നീ എനിക്ക് ചെയ്തത് ഞാൻ മറക്കുകയില്ല. അന്നുമുതലാണ് ഈ അടിക്കുറിപ്പോടെ കുരങ്ങിന്റെ ചിത്രം ഐറീഷ് രാജാക്കന്മാർ രാജ്യത്തിന്റെ ചിഹ്നമായി സ്വീകരിച്ചത്.

ഈ അടിക്കുറിപ്പോടെ ക്രൂശ് നമ്മുടെ ചിഹ്നമാക്കിയിരുന്നെങ്കിൽ!

*(കടപ്പാട്: പ്രേഷിതദൗത്യം)*

● അനുസ്മരണം

# ഹരിപ്പാട്ട് അച്ചൻ



**സാം കെ. ജോൺ,**
**കാട്ടുനിലത്ത്.**

മലങ്കര സഭ അതിന്റെ നവീകരണത്തിന്റെ 175-ാം വാർഷികം ആഘോഷിക്കുന്ന ഈ നാളുകളിൽ ഹരിപ്പാട്ടച്ചൻ എന്ന ഓമനപേരിൽ അറിയപ്പെട്ടിരുന്ന ദിവ്യശ്രീമാൻ പി. റ്റി. ഗീവർഗീസ് കശ്ശീശായെപ്പറ്റിയുള്ള സ്മരണകൾക്ക് വലിയ പ്രാധാന്യം ഉണ്ട്. കൊല്ലവർഷം 1076-ൽ ഹരിപ്പാട് തുണ്ടിയിൽ ശ്രീ. തോമാ തരകന്റെ പുത്രനായി ജനിച്ചു. ഹരിപ്പാട്ടെ ഇംഗ്ലീഷ് സ്കൂളിൽ പഠനം ആരംഭിച്ചു. ചെറിയ ക്ലാസ്സുകളിൽ പഠിച്ചുകൊണ്ടിരിക്കവേ, ഏകദേശം 10 വയസ്സ് പ്രായംവരുന്ന കാലത്ത് ചാത്തുരുത്തി മെത്രാച്ചൻ എന്നറിയപ്പെട്ടിരുന്ന യാക്കോബായാ മെത്രാപ്പോലീത്തായിൽ നിന്നും കോറദയ പട്ടം ഏറ്റു. തുടർന്ന് ഉന്നത പഠനത്തിനായി കോട്ടയം എം. റ്റി. സെമിനാരിയിലും അതോടൊപ്പം പരുമല സെമിനാരിയിലും ചേർന്ന് സുറിയാനി പഠനം ഉൾപ്പടെ പൂർത്തിയാക്കി. ഏകദേശം 12-ാം വയസ്സിൽ അബ്ദേദ്മശിഹാ പാത്രിയാർക്കീസിൽ നിന്നും ശെമ്മാശപ്പട്ടവും, കശ്ശീശാപട്ടവും സ്വീകരിച്ചു.

ആ കാലത്ത് മാർ ദിവാന്ന്യാസിയോസ് മെത്രാപ്പോലീത്തായ്ക്ക് പി. റ്റി. ഗീവർഗീസ് കശ്ശീശ്ശായോട് പ്രത്യേക സ്നേഹവും കരുതലും ഉണ്ടായിരുന്നു. അച്ചന്റെ കഠിനമായ അദ്ധ്വാനശീലവും സംഘടനാപാടവവും ശുഷ്കാന്തിയും എല്ലാം മാർ ദിവാന്ന്യാസിയോസ് മെത്രാപ്പോലീത്തായ്ക്ക് നന്നേ ഇഷ്ടമായി ആകയാൽ തിരുവല്ല, പാലിയേക്കര, ചാലക്കുഴി എന്നീ ഇടവകകളുടെ വികാരിയായി അച്ചനെ മെത്രാച്ചൻ നിയമിച്ചു. വർഷങ്ങൾക്കു ശേഷം അച്ചൻ മദ്രാസിൽ ഉപരിപഠനത്തിനായി പോയി. അവിടെ നിന്നും ചില നവീകരണാശയങ്ങൾ അച്ചന്റെ ഉള്ളിൽ മുളച്ചുവന്നു. മദ്രാസിലെ ഉപരിപഠനത്തിനുശേഷം മടങ്ങിവന്ന

അച്ചൻ പുനലൂർ പ്രദേശത്തെ ചില യാക്കോബായ ഇടവകകളുടെ ചുമതല ഏറ്റെടുത്തു. അതോടൊപ്പം പുനലൂർ പ്രദേശത്തെ മനോഹാരിതയും, ഫലഭൂയിഷ്ടമായ ഭൂപ്രദേശങ്ങളും ഇഷ്ടപ്പെട്ട അച്ചൻ, ഹരിപ്പാട്ടുള്ള തന്റെ ചാർച്ചക്കാരും കൂടിച്ചേർന്ന് നരിക്കൽ എന്ന സ്ഥലത്ത് കുറെ സ്ഥലം വാങ്ങിച്ചു. ഈ കുടിയേറ്റം പുനലൂർ പ്രദേശത്തെ മാർത്തോമ്മാ സഭയുടെ വളർച്ചയ്ക്ക് വിത്തുപാകുവാൻ ഇടയായി.

കാർഷിക വൃത്തിയിൽ അഭ്യസനം, കുടിൽ വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള പ്രോത്സാഹനം, സ്ത്രീകൾ ചട്ട ധരിക്കുവാനുള്ള ബോധവൽക്കരണം, കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം തുടങ്ങി അനേകം സാമൂഹിക പ്രവർത്തനങ്ങൾ അച്ചൻ ഈ പ്രദേശങ്ങളിലാരംഭിച്ചു. അച്ചൻ ഈ പ്രദേശത്തു നടത്തിയ സാമൂഹികവും സാമുദായികവുമായ പ്രവർത്തനങ്ങൾ, അച്ചന് വലിയ സ്വാധീനശക്തി സമ്മാനിച്ചു. വിദ്യാസമ്പന്നരായ അനേകം സുഹൃത്തുക്കൾ, ഉന്നത ഹൈന്ദവകുടുംബങ്ങളോടുള്ള സ്നേഹബന്ധം, സർക്കാർ ഉദ്യോഗസ്ഥരോടുള്ള ബന്ധം, ഇവയെല്ലാം അച്ചന്റെ പുനലൂർ പ്രദേശത്തെ പ്രാരംഭകാല മുതൽ കൂട്ടുകൾ ആയിരുന്നു.

ഈ കാലത്ത് പി. റ്റി. ഗീവർഗീസ് കശ്ശീശ മലങ്കര സഭയിലെ നവീകരണ പ്രസ്ഥാനത്തിന്റെ ആശയങ്ങളിൽ കൂടുതൽ ആകൃഷ്ടനാകുകയും, അത് പ്രചരിപ്പിക്കാനുള്ള ആവേശം കൂട്ടുകയും അങ്ങനെ ടൈറ്റസ് രണ്ടാമൻ മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പുനലൂർ, പത്തനാപുരം സെന്ററുകളിലെ മാർത്തോമ്മാ പള്ളികളുടെ വികാരിയായി പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കരവാളൂർ, ഇളമ്പൽ, പിറവന്തൂർ എന്നീ മാർത്തോമ്മാ പള്ളികൾ മാത്രമേ അന്നുണ്ടായിരുന്നുള്ളു. പുനലൂർ ടൗണിൽ ഒരു മാർത്തോമ്മാ ആരാധനാലയം എന്ന ആശയത്തിനുവേണ്ടി അച്ചൻ വളരെ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. അങ്ങനെ തൊളിക്കോട്ട്, മാമ്പറ്റ എന്ന ചെറിയകുന്ന് അച്ചനിഷ്ടപ്പെടുകയും, വസ്തുവിന്റെ ഉടമസ്ഥൻ ശ്രീമാൻ അയ്യപ്പൻ പിള്ളയുമായി സംസാരിച്ച് സ്ഥലം വാങ്ങുവാൻ വേണ്ട ക്രമീകരണങ്ങൾ അച്ചൻ ചെയ്യുകയും ചെയ്തു. ടൈറ്റസ് രണ്ടാമൻ മെത്രാപ്പോലീത്തയെകൊണ്ട്, പുതിയ പള്ളിക്ക് കല്ലിടീൽ കർമ്മം നിർവ്വഹിച്ചു. ഇങ്ങനെ പുനലൂരിൽ പുതിയ പള്ളിയുടെ പണികൾ നടക്കവേ, പുനലൂരിലും നരിക്കലിലും താൽക്കാലിക ഷെഡ്ഡിൽ വിശുദ്ധ ആരാധനയും നടത്തിവന്നു. ശവക്കോട്ടയുടെ ആവശ്യത്തിനായി പുനലൂർ ടൗണിനടുത്ത് ശ്രീമാൻ സുബ്രഹ്മണ്യൻ പിള്ളയിൽ നിന്നും 25 സെന്റ് സ്ഥലംകൂടി വാങ്ങിച്ചു.

പുനലൂർ പ്രദേശത്തെ മാർത്തോമ്മാ വിശ്വാസികൾക്കായി വസ്തുക്കൾ വാങ്ങുമ്പോഴും, പള്ളികൾ പണിയുമ്പോഴുമെല്ലാം ഉണ്ടായിക്കൊണ്ടിരുന്ന പ്രതിസന്ധികളിൽ "കാക്കയെ കൊണ്ട് ഏലീയാവിനെ പോഷിപ്പിച്ച ദൈവം" എന്ന വിഷയം അച്ചൻ പ്രസംഗി

ക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. പൂർവ്വ ഇടവകയായ പാലിയേക്കരയിലെ സ്നേഹിതർ, വിദ്യാഭ്യാസ കാലത്തെ സ്നേഹിതർ, പുനലൂർ പ്രദേശത്തെ സ്നേഹിതർ എന്നിവരിൽ നിന്നെല്ലാം പള്ളി പണിയ്ക്കായി അച്ചൻ പണം കണ്ടെത്തി. വനത്തിൽ നിന്നും തീരെ കുറഞ്ഞവിലയ്ക്ക് കിട്ടുമായിരുന്ന മോഷണത്തടികൾ ഈ സമയങ്ങളിൽ സുലഭമായിരുന്നു. എന്നാൽ ലാഭം നോക്കി, വളഞ്ഞവഴിയിൽ കൂടി തടികൾവാങ്ങാതെ, ന്യായമായ വിലകൊടുത്ത് നേരായ മാർഗത്തിൽ വാങ്ങിയ തടികൾ മാത്രമാണ് അച്ചൻ പള്ളിപണികൾക്കായി ഉപയോഗിച്ചത്. അച്ചന്റെ സ്വന്തം വസ്തുവിൽ പണിത നരിക്കൽ ബഥേൽ പള്ളിയും പുനലൂർ സെന്റ് തോമസ് പള്ളിയും ഇവയിൽ പ്രധാനപ്പെട്ടതാണ്.

ആ കാലത്തെ കുടിയേറ്റ ക്രിസ്ത്യാനികൾ സവർണ്ണ ഹിന്ദുക്കളിൽ നിന്നും അനുഭവിച്ചിരുന്ന ഉപദ്രവങ്ങൾ പലതും അച്ചൻ ഇടപെട്ട് സൗമ്യമായും ശാന്തമായും പരിഹരിച്ചിരുന്നു. സിവിൽ, ക്രിമിനൽ തുടങ്ങി പലവിധ കേസുകളും പറഞ്ഞൊതുക്കി സമാധാനം പാലിച്ചിരുന്നു. ഗവൺമെന്റ് ഉദ്യോഗസ്ഥരുമായി സംസാരിച്ച് ഞായറാഴ്ചകളിൽ നടന്നുവന്നിരുന്ന പുനലൂർ ചന്ത, തിങ്കളാഴ്ചത്തേക്ക് മാറ്റി. ആപത്തു വേളകളിൽ ദൈവത്തിൽ നിന്ന് ധൈര്യവും വിജയാഘോഷങ്ങളിൽ ദൈവത്തിൽ വിനയവും അച്ചന്റെ പ്രത്യേകതകൾ ആയിരുന്നു. ജനങ്ങളുടെ ആത്മീയ, ലൗകിക കാര്യങ്ങളിലും സാമുദായിക, സാമൂഹിക കാര്യങ്ങളിലും അച്ചനൊരു വൻ വിജയമായിരുന്നു. പുനലൂർ വൈ.എം.സി.എ.യുടെ ഒരു സ്ഥാപക നേതാവുമായിരുന്നു.

അച്ചന്റെ പുനലൂർ പ്രദേശത്തെ സ്ഥിരോത്സാഹവും കഠിനാദ്ധ്വാനവും കൊണ്ട് 1938-ാമാണ്ടിൽ പള്ളികൂദാശ, പുനലൂർ പ്രദേശത്തെ സകല മാർത്തോമ്മാക്കാരെയും കൂട്ടി ഒരു കൺവൻഷൻ, ശുചീകരണ പ്രസ്ഥാനത്തിന്റെ ഒരു വിജയോത്സവഘോഷയാത്ര, സഭയിലെ തിരുമേനിമാർക്കെല്ലാം കൂടി ഒരു സ്വീകരണം, സൺഡേസ്കൂൾ സമാജത്തിന്റെ ചുമതലയിൽ പ്രത്യേക സുവിശേഷവേല, ഇങ്ങനെ ബഹുവിധ പ്രവർത്തനങ്ങൾ, പുനലൂർ പ്രദേശത്തെ മാർത്തോമ്മാക്കാർക്ക് സമൂഹത്തിൽ ഒരു ഉന്നത പദവി അച്ചൻ സമ്മാനിച്ചു. എന്നാൽ കഠിനമായ അദ്ധ്വാനവും, വിശ്രമരഹിതമായ പ്രവർത്തനവും നിമിത്തം അച്ചൻ രോഗശയ്യയിലായി. 1939 ജൂലൈ 12-ാം തീയതി പുനലൂർ പ്രദേശത്ത് ഉഗ്രമായി കത്തിയെരിഞ്ഞ് ശോഭിച്ചിരുന്ന ആ വലിയ ദീപം അണയപ്പെട്ടു. യൂഹാനോൻ തിരുമേനിയുടെയും മാത്യൂസ് തിരുമേനിയുടെയും നേതൃത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തപ്പെട്ടു. താൻ പണി കഴിപ്പിച്ച മാമ്പറ്റ പള്ളിയോട് (പുനലൂർ സെന്റ് തോമസ്) ചേർന്ന് പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ അച്ചന്റെ മൃതദേഹം അടക്കം ചെയ്തു. മാർത്തോമ്മാ സഭയ്ക്ക്, പ്രത്യേകിച്ച് പുനലൂർ പ്രദേശത്തിന് അച്ചന്റെ ഓർമ്മകൾ ആകാശമണ്ഡലത്തിലെ കത്തിശോഭിക്കുന്ന നക്ഷത്രങ്ങൾപോലെയാണ്.

# TRANSFER LIST OF VICAR'S

| NAME OF ACHENS(Existing) | NAME OF THE PARISH | NAME OF ACHENS(New) |
|---|---|---|
| Rev Chacko P.George | Edamon Moria | New |
| Rev Chacko Thomas (Punnackadu) | Kurathicadu St.Thomas | Rev Mathew Zachariah |
| Rev Cherian Thomas (Dr) | Enathu | Rev Joseph Oommen |
| Rev Cherian Varghese | Parakode | New |
| Rev Danes B.Oommen | Pathanapuram Immanuel | Rev John V.S |
| Rev David G (Retd) | Vathikulam Bethel | Rev Varghese K.M. |
| Rev George Abraham (Kallooppara) | Pidavoor Ebenezer | Rev. Jibin V Samuel |
| Rev George T.O. | Sooranadu Immanuel | Rev Iype D |
| Rev Iype D | Kadampanad Salem | Rev Thomas P.J. |
| Rev John Mathew (Nellikala) | Ezhamkulam Salem | New |
| Rev John Mathew E | Kalayapuram Salem | Rev Philip A.T |
| Rev Joseph Oommen | Chachipunna | Rev Abraham A |
| Rev Joseph T.O. | Pallickal St.Thomas | Rev Thomas Kurian (Ancherry) |
| Rev Mathew A.G | Adoor Immanuel | Rev Alexander Thomas |
| Rev Mathew P.John | Chunakkara St.Thomas | Rev Roy Thomas |
| Rev Philip A.T | Thamarakulam St.Thomas | Rev Thomas Yesudasan |
| Rev Roy Geevarghese | Kattanam St Thomas | Rev Cherian Thomas (Dr) |
| Rev Roy Thomas | Kayamkulam Salem | Rev Koshy P.T |
| Rev Sabu Koshy | Thevalakkara Valiyapally | Rev Vinoy Daniel |
| Rev Sam Thomas | Shencottai | New |
| Rev Thomas John (Karunagapally) | Thevalakara Hebron | Rev Varghese P. M. |
| Rev Thomas Yesudasan | Vayala Salem | Rev George T.O. |
| Rev Titus Thomas | Kulakkada St Thomas | New |
| Rev Varghese K.M. | Elikkattoor Zion | New |
| Rev Varghese K.Thomas | Kottanalloor Salem | Rev Titus Thomas |
| Rev Varghese Philip (Mannamaruthy) | Kattanam Hospital Administrat | Rev Kurian Thomas (Dr) |
| Rev. C J Thomas | Elampal Sehion | Rev. V T Kurian |
| Rev Regi Abraham | Thuvayoor St.Andrews | Rev Sam Thomas |
| Rev. K. M Issac | Angadikal Salem | Rev. George Abraham |

KIDS CORNER

കെ. ജി. ഏബ്രഹാം പുനലൂർ



# 'വെളിച്ചങ്ങൾ ഉണ്ടാകുന്നത്'

സ്കൂൾ വാർഷികാഘോഷം കുട്ടികൾ അതിരറ്റ സന്തോഷത്തിൽ, സ്കൂൾ പരിസരവും വർണക്കടലാസിൽ കുളിച്ച് നിൽക്കുന്നു. കുട്ടികൾ അവരവരുടെ പരിപാടികളുടെ തിരക്കിലാണ്. സമ്മാനദാനം കഴിഞ്ഞാൽ പിന്നെ കലാപരിപാടികളാണ് അത് രാത്രിവരെ നീളും. പൊതുസമ്മേളനം ഏതാണ്ട് അവസാനിക്കാറായി. ഇനി സമ്മാനദാനത്തിന്റെ അവസരം. പ്രീപ്രൈമറി സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾ സമ്മാനവും സർട്ടിഫിക്കേറ്റുകളും വാങ്ങാനീ സ്റ്റേജിനടുത്തേക്ക് വരണം. മൈക്കിൽ നിന്ന് അനൗൺസ്മെന്റ് ഉണ്ടായി.

കുട്ടികൾ സ്റ്റേജിലെത്തി സർട്ടിഫിക്കേറ്റുകളും സമ്മാനങ്ങളും കരസ്ഥമാക്കി. അടുത്തത് 'സ്റ്റെബിൻ രാജു' പലവട്ടം സ്റ്റേജിൽ നിന്ന് ആ വിളിയുണ്ടായിട്ടും സ്റ്റെബിൻ എത്തിയില്ല.

സാർ... അവൻ ഇന്ന് വന്നില്ല...

മുൻനിരയിലിരുന്ന കുറെ കുട്ടികൾ വിളിച്ചുപറഞ്ഞു. സമ്മാനദാനവും കലാപരിപാടികളും അവസാനിച്ചു.

നൽകാത്ത സർട്ടിഫിക്കേറ്റുകളുടെ കൂട്ടത്തിൽ സ്റ്റെബിന്റെ സർട്ടിഫിക്കേറ്റുകളും ഓഫീസ് മേശപ്പുറത്തെത്തി.

'ഈ കുട്ടിക്കെന്ത് പറ്റിയെന്ന് അറിയില്ല' കഴിഞ്ഞ കുറെ ദിവസങ്ങളായി

സ്കൂളിലെത്തുന്നില്ല... ക്ലാസ് ടീച്ചർ പറഞ്ഞു. നമുക്കാന്വേഷിച്ചാലോ? മറ്റൊരു ടീച്ചർ പറഞ്ഞു. വീട് എനിക്കറിയാം. പക്ഷെ കുറെ ദൂരെ പോകണം

സാരമില്ല നാളെത്തന്നെപ്പോകാം. അദ്ധ്യാപകർ തീരുമാനിച്ചു.

പിറ്റേ ദിവസം ഒരു ജീപ്പ് വിളിച്ച് അദ്ധ്യാപകരും പി.റ്റി.എ. പ്രസിഡന്റും കൂടി സ്റ്റെബിന്റെ വീട്ടിലെത്തി.

ടാർ ഷീറ്റുപാകിയ ഒരു ചെറിയ വീട്. പിതാവ് ഈ കുടുംബത്തെ ഉപേക്ഷിച്ചുപോയിട്ട് വർഷങ്ങളായി. മാതാവ് ചെറിയ ജോലികൾ ചെയ്ത് കുടുംബം പോറ്റുന്നു.

പ്ലൈവുഡ് തറച്ച ഒരു കട്ടിലിൽ നിശ്ചലനായി കിടക്കുന്ന ആ കുട്ടി. സ്കൂൾ മുഴുവനും ഓടിച്ചാടി നടന്നവൻ... ശബ്ദംകേട്ട് അവൻ തലയയുർത്തി ഞങ്ങളെ നോക്കി എഴുന്നേൽക്കാൻ ഒരു വിഫലശ്രമം നടത്തി. കാലുകൾ പൊങ്ങുന്നില്ല...തിളക്കം നഷ്ടപ്പെടാത്ത ആ കണ്ണുകളിൽ ജലകണങ്ങൾ നിറഞ്ഞു...

കിടന്നുകൊള്ളൂ... ടീച്ചർ പറഞ്ഞു.

ഇവന്റെ കാലിനൊന്നും ഒരു ബലവുമില്ല സാറേ... തിരുവനന്തപുരത്ത് കാണിക്കാൻ ഡോക്ടർ പറഞ്ഞു. അവന്റെ വല്യമ്മച്ചി പറഞ്ഞുതുടങ്ങി. ഞങ്ങൾ ഇന്നലെപോയിരുന്നു. പക്ഷെ അവിടെ ഒരുപാട് രൂപയാകും. ഞങ്ങൾക്ക് നിവൃത്തിയില്ല. ഇനിയും ദൈവം വിചാരിക്കുംപോലെ വരട്ടെ. അവർ പറഞ്ഞുകൊണ്ടിരുന്നു.

സാറെ നമുക്കെന്തെങ്കിലും ചെയ്യാൻ കഴിയുമോ? ജീപ്പിലേക്ക് കയറുന്നതിനിടയിൽ പി. റ്റി. എ. പ്രസിഡന്റ് ചോദിച്ചു. ആരും മറുപടിയൊന്നും പറഞ്ഞില്ല. എല്ലാവരുടേയും മനസ്സിൽ നിസഹായനായ ആ കുട്ടിയുടെ രൂപമായിരുന്നു. ജീപ്പ് വലിയ കയറ്റവും ഇറക്കവും പിന്നിട്ട് സ്കൂളിനോടടുത്തേക്കെത്തിക്കൊണ്ടിരുന്നു.

അടുത്ത ദിവസത്തെ അസംബ്ലിയിൽ ഈ കാര്യം പറയുകയുണ്ടായി. രോഗത്തിന്റെ കാഠിന്യമൊന്നും കുട്ടികൾക്കറിയില്ല. കുറെ രൂപ ശേഖരിച്ച് നൽകിയാൽ അവൻ മടങ്ങിവരും എന്നുമാത്രം അവർക്കറിയാം.

അടുത്തദിവസം മുതൽ കുട്ടികൾ അവരവർക്കായത് നൽകി.

വഞ്ചിപൊട്ടിച്ച് അതിലുള്ള പണം.

വിനോദയാത്രയ്ക്കായി സ്വരൂപിച്ചത്....

എല്ലാം കുറഞ്ഞദിവസങ്ങൾക്കുള്ളിൽ സ്കൂളിലെത്തി.

ഉദാരമതികളായ നിരവധിപേർ, ധാരാളം സ്ഥാപനങ്ങൾ, രാഷ്ട്രീയ നേതാക്കൾ, എല്ലാം ഒത്തുചേർന്നപ്പോൾ...

സ്റ്റെബിൻ മരണത്തിന്റെ കറുത്ത കയത്തിൽ നിന്നും ജീവന്റെ വെള്ളിവെളിച്ചത്തിലേക്ക്...

കുറെ ആഴ്ചകൾ കഴിഞ്ഞു നാലാം ക്ലാസിലെ വിഷ്ണു ടീച്ചറുടെ അടുത്തെത്തി. സാറെ... സ്റ്റെബിനെ കാണുന്നില്ലല്ലോ...?

അവൻ കുറെ ദിവസംകൂടി കഴിഞ്ഞ് സ്കൂളിലെത്തും. ടീച്ചർ മറുപടി നൽകി.

# പ്രശ്നോത്തരി

2011 Apr.-Jun.

2

1. ആശാഭവൻ ആരംഭിച്ച വർഷം?
2. പേത്രത്ത എന്ന വാക്കിന്റെ അർത്ഥം?
3. കുരിശുമരണം അർത്ഥപൂർണമാകുന്നത് എങ്ങനെ ?
4. ഹരിപ്പാട്ടച്ചന്റെ പേരിന്റെ പൂർണ്ണരൂപം?
5. മോറാനായ എന്ന പദത്തിന്റെ അർത്ഥം?
6. അറിയിപ്പുകാലം കണക്കാക്കുന്നതെങ്ങനെ?
7. ദനഹാ എന്നാൽ എന്ത്?
8. യഹൂദന്മാർക്കായി ഒരു നല്ല പഠന വ്യവസ്ഥിതി രൂപപ്പെടുത്തിയ മഹാനാരാണ്?
9. എന്താണ് മായൽത്തോ?
10. എപ്പിഫനിയുടെ അർത്ഥം എന്ത്?

*ഈ ലക്കം ഹെർമോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരി ഉത്തരം അയ്ക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് സമ്മാനം ലഭിക്കും.* ചീഫ് എഡിറ്റർ, ഹെർമോൻ ദൂതൻ, അടൂർ-691 523 എന്ന വിലാസത്തിൽ ഉത്തരം ലഭിക്കേണ്ട അവസാന തീയതി **2011 ജൂൺ 20.**

പൈസ ഇനിയും വേണമായിരിക്കും... എന്റെ കൈയിൽ കുറെ രൂപായുണ്ട്. അവൻ ഒഴിഞ്ഞ തേയിലക്കവർ പോക്കറ്റിൽ നിന്നെടുത്ത് അതിൽ നിന്ന് കുറെ നാണയങ്ങളും അഞ്ചു രൂപാനോട്ടും...

“ഉത്സവത്തിനുവേണ്ടി വെച്ചിരുന്നതാണ്...” അവൻ നാണയങ്ങൾ മേശപ്പുറത്ത് തട്ടിയിട്ടു.

നന്മകൾ ആരിൽ നിന്നും തീരെ ഇല്ലാതായിട്ടില്ല. എല്ലാ മെഴുകുതിരികളും അണഞ്ഞിട്ടുമില്ല. മുനിഞ്ഞ് കത്തുന്ന ചില തിരിനാളങ്ങൾ അങ്ങിങ്ങില്ലാതില്ല. ഈ മനോഭാവക്കാരെ കൂട്ടിച്ചേർത്ത് ഒരു കൂട്ടായ്മ ഉണ്ടാക്കിയാലോ? എല്ലായിടത്തും ഇത്തരക്കാരുണ്ട്.

അതിന്റെ പ്രതിനിധികളായി വിഷ്ണുവിനേയും കൂട്ടുകാരേയും..........

മൂന്ന് വർഷത്തെ ചികിത്സകൊണ്ട് സ്റ്റെബിൻ സാധാരാണ നിലയിലായി. ഇപ്പോൾ ആറുമാസം കൂടുമ്പോഴുള്ള പരിശോധനമാത്രം. സ്കൂളിന്റെ ഒരു വലിയ സന്തോഷം കൂടിയാണവൻ.

എല്ലാ ആഘോഷവേളകളിലും ഈ പേര് പരാമർശിക്കപ്പെടും. വലിയ മഴയ്ക്കു മുമ്പേ ഒരു ചെറിയ ചാറ്റൽ മഴയെത്തും ഒരു മുന്നറിയിപ്പാണത്.


സുരക്ഷിത സ്ഥാപനങ്ങളിലേക്ക് എത്തിച്ചേരാൻ. നന്മയുടെ ചെറുദീപങ്ങൾ കൂട്ടിച്ചേർത്ത് ഒരു വെള്ളി വെളിച്ചമായി മാറ്റാൻ ശ്രമിക്കാം.

# ആദരാഞ്ജലികൾ



## റവ. ഐ. സി. ഫിലിപ്പ്

അയിരൂർ ചായൽ ഇടവകാംഗമായിരുന്ന ദിവ്യ ശ്രീ ഐ. സി. ഫിലിപ്പ് കശ്ശീശാ (80) കർത്താവിൽ നിദ്രപ്രാപിച്ചു. ഭദ്രാസനത്തിലെ ഏഴംകുളം, കൊടുമൺ ഇടവകകളുടെ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാരതത്തിലനകത്തും പുറത്തും സജീവമായ ശുശ്രൂഷകൾ നിർവ്വഹിച്ചു. ശ്രീമതി ഗ്രേസി ഫിലിപ്പ് ബസ്ക്യാമ്മയും റേച്ചൽ ഫിലിപ്പ്, ജയിക്കബ് മാർട്ടിൻ എന്നിവർ മക്കളും ആണ്. സഭയുടെ വളർച്ചയ്ക്കും വ്യാപനത്തിനും അച്ചൻ നൽകിയ സേവനങ്ങളെ സ്മരിച്ചുകൊണ്ട് അടൂർ ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.



## റവ. റ്റി. ഒ. ജോസഫ്

അടൂർ ഭദ്രാസന സെക്രട്ടറി, ബിഷപ്സ് സെക്രട്ടറി എന്നീ നിലകളിൽ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച ദിവ്യശ്രീ. റ്റി. ഒ. ജോസഫ് കശ്ശീശാ (65) കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. 2011 മെയ് 1 വരെ അടൂർ ഭദ്രാസനത്തിലെ പള്ളിക്കൽ സെന്റ് തോമസ് ഇടവക വികാരിയായി സേവനം അനുഷ്ഠിച്ച് സജീവ സേവനത്തിൽ നിന്നും വിരമിച്ചു. ഭദ്രാസനത്തിൽ ഉൾപ്പെട്ട കടമ്പനാട്, കറ്റാനം, താമരക്കുളം, എന്നീ ഇടവകകളിലും സേവനമനുഷ്ഠിച്ചിട്ടുള്ള അച്ചൻ ഭാരതത്തിന്റെ വിവിധ പ്രദേശങ്ങളിലും വിദേശത്തും വൈദികനായിരുന്നിട്ടുണ്ട്. സഭാകൗൺസിൽ അംഗം, സുവിശേഷ പ്രസംഗസംഘം ജനറൽ സെക്രട്ടറി, എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. കൊല്ലക സെന്റ് തോമസ് ഇടവകാംഗമാണ്. ശ്രീമതി ആനി ബസ്ക്യാമയും സൂസൻ റേ, അലക്സാണ്ടർ റെഞ്ചിത്ത് എന്നിവർ മക്കളുമാണ്. പ്രിയ അച്ചന്റെ നിസ്വാർത്ഥ സേവനങ്ങളെ ഹൃദയപൂർവ്വം സ്മരിച്ച് അടൂർ ഭദ്രാസനത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.